# പ്രത്യുദ്ധാര ഭാഷ്യം

പുതിയനിയമത്തിലുള്ള,

ക്രിസ്തുവിന്റെ അപ്രമേയ

ധനത്തെ അനാവരണം

ചെയ്യുന്നു

പുതിയനിയമത്തിന്റെ
പ്രത്യുദ്ധാര ഭാഷ്യത്തെ
അവതരിപ്പിക്കുന്നു

Publisher
Living Stream Ministry
2431 W. La Palma Avenue
Anaheim, CA 92801

Distributor
Amana Literature Private Limited
Gurugram, Haryana, India

# പ്രത്യുദ്ധാര ഭാഷ്യം


"എല്ലാ തിരുവെഴുത്തും ദൈവശ്വാസീയവും...." (2 തിമൊ. 3:16)

ദൈവമാണ് വേദപുസ്തകത്തിന്റെ ഉത്ഭവം; തന്റെ വെളിപാടിന്റെ വചനങ്ങൾ തന്റെ ആത്മാവിലൂടെ തിരുവെഴുത്തുകളുടെ ലേഖകരുടെ ഉള്ളിലേക്കും അവരിൽനിന്ന് പുറത്തേക്കും ശ്വസിച്ചത് ദൈവമായിരുന്നു. പുറത്തേക്ക് ശ്വസിച്ചത് വചനങ്ങളെ മാത്രമല്ല ആത്മാവിനെയും ആയിരുന്നു.

വേദപുസ്തകത്തിന്റെ ഉള്ളടക്കം വിപുലവും സമഗ്രവുമാണ്; ഈ ഉള്ളടക്കത്തിന്റെ രണ്ട് പ്രധാന വശങ്ങൾ, സത്യവും ജീവനുമാണ്. സത്യം നമുക്ക് ദൈവത്തിന്റെ യാഥാർത്ഥ്യം, മനുഷ്യന്റെ യാഥാർത്ഥ്യം, പ്രപഞ്ചത്തിന്റെ യാഥാർത്ഥ്യം, ഇന്നത്തെ യുഗത്തിന്റെയും വരുവാനിരിക്കുന്ന യുഗത്തിന്റെയും നിത്യ യുഗത്തിന്റെയും കാര്യങ്ങളെ സംബന്ധിച്ചുള്ള യാഥാർത്ഥ്യം, പ്രത്യേകിച്ച്, ദൈവം നിയമിച്ച ക്രിസ്തുവിന്റെയും അവൻ തിരഞ്ഞെടുത്ത സഭയുടെയും യാഥാർത്ഥ്യം എന്നിങ്ങനെ പ്രപഞ്ചത്തിലെ സകല യാഥാർത്ഥ്യങ്ങളെയും കുറിച്ചുള്ള വെളിപാടും പരിജ്ഞാനവും കൊണ്ടുവരുന്നു. ജീവൻ എന്നത് നാം ദൈവത്തിന്റെ ആവിഷ്കാരം ആയിത്തീരേണ്ടതിന് നാം വീണ്ടുംജനിക്കുകയും വളരുകയും രൂപാന്തരപ്പെടുകയും, ദൈവത്തെ ആവിഷ്കരിക്കുന്നവനായ ക്രിസ്തുവിന്റെ സ്വരൂപത്തോട് അനുരൂപരാകുകയും ചെയ്യേണ്ടതിന് നമ്മുടെ ജീവൻ ആകുവാൻ വരുന്ന ദൈവമാണ്.

ക്രിസ്തുവിനെ സംബന്ധിച്ച് സാക്ഷ്യപ്പെടുത്തുക എന്നതാണ് വേദപുസ്തകത്തിന്റെ ഒന്നാമത്തെ ധർമം. വേദപുസ്തകത്തിന്റെ വിഷയവും ഉള്ളടക്കവും ക്രിസ്തുവാണ്. വേദപുസ്തകം ക്രിസ്തുവിന്റെ വിശദീകരണവും ആവിഷ്കാരവുമാണ്. ക്രിസ്തു ജീവനുള്ള ദൈവവചനവും, വേദപുസ്തകം അവന്റെ എഴുതപ്പെട്ട വചനവുമാണ്. ജീവനുള്ള വചനമായ ക്രിസ്തുവിനെ യാഥാർത്ഥ്യമായി കൂടാതെ, വേദപുസ്തകത്തിലെ എഴുതപ്പെട്ട വചനങ്ങൾ ശൂന്യമായ ഉപദേശങ്ങളും വ്യർത്ഥമായ അക്ഷരങ്ങളുമാണ്. എന്നാൽ തന്റെ ആവിഷ്കാരമായ, വേദപുസ്തകത്തിലെ എഴുതപ്പെട്ട വചനം കൂടാതെ ജീവനുള്ള വചനമായ ക്രിസ്തു അമൂർത്തവാനും സ്പർശിക്കുവാൻ സാധിക്കാത്തവനുമാണ്. അതുകൊണ്ട്, ക്രിസ്തുവിനെ അറിയുവാൻ നാം ആഗ്രഹിക്കുന്നെങ്കിൽ നാം വേദപുസ്തകം വായിക്കണം.

വിറ്റ്നസ്സ് ലീ, ജീവ പാഠങ്ങൾ, താൾ 32-33




## ഒരു ലഘു വിശദീകരണം

### പ്രത്യുദ്ധാര ഭാഷ്യത്തിന്റെ അവതാരിക

നൂറ്റാണ്ടുകളിലുടനീളം വേദപുസ്തക തർജമകൾ ക്രമാനുഗതമായി മെച്ചപ്പെട്ടിട്ടുണ്ട്. സാധാരണയായി, ഓരോ പുതിയ തർജമയും മുൻ തർജമകളിൽ നിന്ന് ചിലത് പ്രാപിച്ച്, വരുവാനുള്ള തർജമകൾക്ക് വഴി തുറക്കുന്നു. ഒരു പുതിയ തർജമ, അതിന് മുമ്പുള്ളവയിൽ നിന്ന് സഹായം നേടുമ്പോൾ തന്നെ, അതിനെക്കാൾ മുന്നോട്ട് പോകേണ്ടതുണ്ട്. പുതിയനിയമത്തിന്റെ പ്രത്യുദ്ധാര ഭാഷ്യം, പ്രധാന ആധികാരിക ആംഗല ഭാഷ്യങ്ങൾ സ്ഥാപിച്ച പ്രമാണവിധി പിൻപറ്റുകയും, ഈ ഭാഷ്യങ്ങളെ അവലംബമായി എടുത്തുകൊണ്ട്, മറ്റുള്ളവയുടെ സമ്പ്രദായം പരിശോധിക്കുന്നതിലൂടെ പഠിച്ച പാഠങ്ങളെ ഉൾക്കൊള്ളിക്കുക മാത്രമല്ല, മുൻവിധികളെയും കൃത്യമല്ലാത്ത നിർണയങ്ങളെയും ഒഴിവാക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. ദിവ്യവചനത്തിലെ വെളിപാടിനെ ആംഗല ഭാഷയിൽ ഏറ്റവും കൃത്യതയോടെ പ്രകടിപ്പിക്കുന്നതിന്, മറ്റ് ഭാഷ്യങ്ങളിൽ നിന്ന് മാർഗനിർദേശം സ്വീകരിച്ചുകൊണ്ട് ഈ ഭാഷ്യം ഉത്തമമായ വചനരീതി നൽകുവാൻ ശ്രമിക്കുന്നു.

വേദപുസ്തക തർജമ, മൂലഭാഷയെക്കുറിച്ചുള്ള മതിയായ ധാരണയെ മാത്രമല്ല, വിശുദ്ധ വചനത്തിലെ ദിവ്യവെളിപാടിനെക്കുറിച്ചുള്ള ശരിയായ ഗ്രാഹ്യത്തെയും ആശ്രയിച്ചിരിക്കുന്നു. നൂറ്റാണ്ടുകളിലുടനീളം വിശുദ്ധന്മാരുടെ കൈവശമുള്ള ദിവ്യവെളിപാടിനെക്കുറിച്ചുള്ള ഗ്രാഹ്യം, എല്ലായ്പ്പോഴും അവർക്ക് ലഭിച്ച വെളിച്ചത്തെ ആശ്രയിച്ചിരുന്നു; ഈ ഗ്രാഹ്യം ക്രമാനുഗതമായി പുരോഗമിക്കുകയും ചെയ്തു. ഈ ഗ്രാഹ്യത്തിന്റെ പരിണതിയാണ് ഈ തർജമയുടെയും ഇതിലെ അടിക്കുറിപ്പുകളുടെയും അടിസ്ഥാനം. അതിനാൽ, ഈ തർജമയെയും അനുബന്ധ അടിക്കുറിപ്പുകളെയും, എല്ലായിടത്തുമുള്ള വിശുദ്ധന്മാർ കഴിഞ്ഞ രണ്ടായിരം വർഷങ്ങളിൽ ആർജിച്ച ദിവ്യവെളിപാടിനെക്കുറിച്ചുള്ള ഗ്രാഹ്യത്തിന്റെ "ക്രിസ്റ്റലീകരണം" എന്ന് വിളിക്കാം. പ്രത്യുദ്ധാര ഭാഷ്യം, അതിന് ലഭിച്ച പൈതൃകത്തെ തുടർന്നുകൊണ്ടുപോകുമെന്നും ഭാവി തലമുറകൾക്ക് വഴിയൊരുക്കിക്കൊടുക്കുമെന്നും ഞങ്ങൾ പ്രത്യാശിക്കുന്നു.

ഏതൊരു പുതിയനിയമ തർജമയിലും എന്നപോലെ, ലഭ്യമായ കൈയെഴുത്തുപ്രതികളുടെ അടിസ്ഥാനത്തിൽ യവനഭാഷയിലെ മൂലവാക്യത്തിന്റെ നിർണയമാണ് പുതിയനിയമത്തിന്റെ പ്രത്യുദ്ധാര ഭാഷ്യത്തിലെയും വാക്യങ്ങളുടെ അടിസ്ഥാനം. പ്രത്യുദ്ധാര ഭാഷ്യം മുഖ്യമായി നൊവം റ്റെസ്റ്റമെന്റം ഗ്രേസെയിൽ (പതിപ്പ് 26) കാണപ്പെടുന്ന, നെസൽ-അലന്റ് യവന മൂലഗ്രന്ഥത്തെ പിന്തുടരുന്നു. എന്നിരുന്നാലും ഏതൊരു വാക്യത്തിന്റെയും മൂലരൂപം നിർണയിക്കുന്നതിൽ, പ്രത്യുദ്ധാര ഭാഷ്യ പരിഭാഷകർ, അധ്യായത്തിന്റെയും പുസ്തകത്തിന്റെയും വിപുല പശ്ചാത്തലത്തിനും പുതിയനിയമത്തിലെ സമാനഭാഗങ്ങൾക്കും ശ്രദ്ധാപൂർവം പരിഗണന നൽകിയിരിക്കുന്നു. ഏറ്റവും കൃത്യമോ വിശ്വസനീയമോ ആയ കൈയെഴുത്തുപ്രതികൾ, ഏറ്റവും സമീപകാലത്ത് കണ്ടെത്തിയവയോ അതിപുരാതന കാലത്തുള്ളവയോ ആയിരിക്കണമെന്നില്ല; അതിനാൽ, ഈ ഭാഷ്യത്തിലുള്ള വാക്യങ്ങളുടെ നിർണയം പ്രധാനമായും മേൽപ്പറഞ്ഞ തത്ത്വത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. നെസൽ-അലന്റ് മൂലഗ്രന്ഥത്തിൽ നിന്നുള്ള വ്യതിയാനങ്ങളെക്കുറിച്ച് ചിലപ്പോൾ അടിക്കുറിപ്പുകളിൽ സൂചിപ്പിച്ചിരിക്കുന്നു. വാക്യങ്ങളിലെ ചരിച്ചെഴുതിയ വാക്കുകൾ യവനമൂലഗ്രന്ഥത്തിൽ കാണപ്പെടാത്ത കൂട്ടിച്ചേർത്ത പദങ്ങളെ സൂചിപ്പിക്കുന്നു.

മൂലഗ്രന്ഥത്തിലെ അർത്ഥത്തെക്കുറിച്ച് വിപുലമായ ഗവേഷണം ഉൾക്കൊള്ളുന്ന പ്രത്യുദ്ധാര ഭാഷ്യത്തിൽ, ഈ അർത്ഥം കൃത്യവും സുഗ്രാഹ്യവും അധ്യയനയോഗ്യവുമായ ആംഗല ഭാഷയിൽ പ്രകടിപ്പിക്കുവാൻ ശ്രമിച്ചിരിക്കുന്നു. യവനഭാഷയിലെ മൂലഗ്രന്ഥത്തിലുള്ള കൃത്യമായ അർത്ഥം പ്രകടിപ്പിക്കുവാൻ പ്രയാസമുള്ള സ്ഥലങ്ങളിൽ വിശദീകരണ അടിക്കുറിപ്പുകൾ നൽകിയിരിക്കുന്നു.

ഓരോ പുസ്തകത്തിന്റെയും തുടക്കത്തിൽ നൽകിയിരിക്കുന്ന വിഷയവും രൂപരേഖയും, ചരിത്ര വസ്തുതകളെ അടിസ്ഥാനമാക്കി ഓരോ പുസ്തകത്തിലുമുള്ള ആത്മിക അർത്ഥം പ്രകടമാക്കുന്നു. അടിക്കുറിപ്പുകളിൽ ചരിത്രം, ഭൂമിശാസ്ത്രം, വ്യക്തികൾ എന്നിവയെക്കാളധികം സത്യത്തിന്റെ വെളിപാട്, ആത്മിക വെളിച്ചം, ജീവസഹായം എന്നിവയ്ക്ക് ഊന്നൽ നൽകിയിരിക്കുന്നു. ക്രോസ് റെഫറൻസുകൾ, സമാന പദപ്രയോ ഗങ്ങളും വസ്തുതകളുമുള്ള മറ്റ് വാക്യങ്ങളിലേക്ക് മാത്രമല്ല, ദിവ്യവചനത്തിലെ ആത്മിക വെളിപാടുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങളിലേക്കും നയിക്കുന്നു.

വിറ്റ്നസ്സ് ലീയും എഡിറ്റിംഗ് വിഭാഗവും

ആഗസ്റ്റ് 1, 1991
അനഹൈം
, കാലിഫോർണിയ

## രൂപരേഖകൾ

പ്രത്യുദ്ധാര ഭാഷ്യത്തിൽ, ഓരോ പുസ്തകത്തിലുമുള്ള ആത്മിക അർഥം ആവിഷ്കരിക്കുന്ന, ഓരോ പുസ്തകത്തിന്റെയും രൂപരേഖകൾ, പുസ്തകത്തിന്റെ ആരംഭത്തിലും വാക്യങ്ങൾക്കിടയിലും അടങ്ങിയിരിക്കുന്നു.

## മത്തായി എഴുതിയ സുവിശേഷത്തിൽ നിന്നും ഒരു ചെറിയ ഭാഗം

# യോഹന്നാൻ
## എഴുതിയ സുവിശേഷം

### രൂപരേഖ

**I. ദൈവത്തെ മനുഷ്യനിലേക്ക് കൊണ്ടുവരുവാനായി ജഡാവതാരം ചെയ്ത നിത്യവചനം വരുന്നു—1:1—13:38**

A. ജീവനും കെട്ടുപണിക്കുമുള്ള അവതാരിക—1:1-51
  1. ദൈവം ആയിരുന്ന, പൂർവകാല നിത്യതയിലെ വചനം, ദൈവമക്കളെ ഉളവാക്കുവാൻ, സൃഷ്ടിയിലൂടെ ജീവനും വെളിച്ചവുമായി വരുന്നു—വാ. 1-13
  2. ദൈവത്തെ ഏകജാതനായ ദൈവപുത്രനിൽ പ്രഖ്യാപിക്കുവാൻ, കൃപയുടെ നിറവോടും യാഥാർഥ്യത്തോടും കൂടെ, വചനം ജഡമായിത്തീരുന്നു—വാ. 14-18
  3. ദൈവത്തിന്റെ കുഞ്ഞാടായ യേശു, പ്രാവായ പരിശുദ്ധാത്മാവോടുകൂടെ, ദൈവഭവനത്തിന്റെ കെട്ടുപണിക്കായി മനുഷ്യപുത്രനോടൊപ്പം വിശ്വാസികളെ കല്ലുകളാക്കുന്നു—വാ. 19-51
     a. മതം വലിയൊരു നേതാവിനെ പ്രതീക്ഷിക്കുന്നു—വാ. 19-28
     b. പ്രാവോടുകൂടെ കുഞ്ഞാടായ യേശുവിനെ പരിചയപ്പെടുത്തുന്നു—വാ. 29-34
     c. ദൈവത്തിന്റെ കെട്ടുപണിക്കായി കല്ലുകളെ ഉളവാക്കുന്നു—വാ. 35-51

B. ജീവന്റെ തത്ത്വവും ജീവന്റെ ഉദ്ദേശ്യവും—2:1-22
  1. ജീവന്റെ തത്ത്വം—മരണത്തെ ജീവനാക്കി മാറ്റുക—വാ. 1-11
     a. തങ്ങളുടെ ആസ്വാദനത്തിൽ ആയിരിക്കുന്ന ജനത്തിന്റെ അടുക്കലേക്ക് ക്രിസ്തു പുനരുത്ഥാനത്തിൽ വരുന്നു—വാ. 1-2
     b. അവരുടെ മനുഷ്യജീവൻ തീർന്നുപോകുകയും അവർ മരണത്താൽ നിറഞ്ഞിരിക്കുകയും ചെയ്യുന്നു—വാ. 3-7
     c. അവരുടെ മരണത്തെ ക്രിസ്തു നിത്യമായ ജീവനാക്കി മാറ്റുന്നു—വാ. 8-11
  2. ജീവന്റെ ഉദ്ദേശ്യം—ദൈവഭവനത്തിന്റെ കെട്ടുപണി—വാ. 12-22
     a. ക്രിസ്തു ദൈവാലയത്തെ വെടിപ്പാക്കുന്നു—വാ. 12-17
     b. ദൈവാലയമായ, യേശുവിന്റെ ശരീരത്തെ നശിപ്പിക്കുകയും പുനരുത്ഥാനത്തിൽ ഉയിർപ്പിക്കുകയും ചെയ്യുന്നു—വാ. 18-22

C. ജീവൻ, മനുഷ്യന്റെ സകല അവസ്ഥയുടെയും ആവശ്യത്തെ നിറവേറ്റുന്നു—2:23—11:57
  1. സന്മാർഗിയുടെ ആവശ്യം—ജീവന്റെ വീണ്ടുംജനനം—2:23—3:36
     a. കർത്താവിന്റെ സമർപ്പണം അടയാളങ്ങളിൽ അല്ല ജീവനിൽ ആകുന്നു—2:23—3:1
     b. ദിവ്യാത്മാവിനാൽ മനുഷ്യാത്മാവിൽ വീണ്ടുംജനിക്കുന്നു—3:2-13
     c. വിശ്വാസികൾക്കു നിത്യജീവൻ ഉണ്ടാകേണ്ടതിനു ക്രൂശിന്മേൽ സർപ്പത്തിന്റെ രൂപത്തിൽ ക്രിസ്തുവിന്റെ മരണത്തിലൂടെ മനുഷ്യന്റെ ജഡത്തിലുള്ള സാത്താന്റെ ദുഷ്ട സ്വഭാവത്തെ ന്യായം വിധിക്കുന്നു—3:14-21

# മത്തായി
## എഴുതിയ സുവിശേഷം

എഴുത്തുകാരൻ: മത്തായി, ലേവി എന്നും വിളിക്കപ്പെട്ടിരുന്നു, 9:10-ലെ സൽക്കാരത്തിൽ ആതിഥേയനായിരുന്ന തന്നെ സംബന്ധിച്ച് ഒഴിവാക്കപ്പെട്ട പരാമർശത്താലും, 10:3-ൽ ചുങ്കക്കാരൻ എന്ന് തന്നെക്കുറിച്ച് പ്രത്യേകം പ്രതിപാദിക്കുന്നതിനാലും, മുമ്പ് ചുങ്കക്കാരൻ, പിന്നീട് അപ്പൊസ്തലൻ (9:9; ലൂക്കൊ. 5:27).

എഴുതിയ സമയം: ഉദ്ദേശം A.D. 37-40, കർത്താവിന്റെ പുനരുത്ഥാനത്തിന് ശേഷം അധികം വൈകാതെയും (28:15), ദൈവാലയത്തിന്റെ നശീകരണത്തിന് മുമ്പും (24:2).

എഴുതിയ സ്ഥലം: ഒരുപക്ഷേ യെഹൂദ്യ ദേശം.

സ്വീകർത്താവ്: യെഹൂദ ആചാരങ്ങളുടെയും ഉൽസവങ്ങളുടെയും വിശദീകരണങ്ങളുടെ അഭാവം സൂചിപ്പിച്ചിരിക്കുന്നതുപോലെ, പൊതുവായി യെഹൂദന്മാർക്ക് (15:2, പ്ര.നി. മർക്കൊ. 7:2-3; മത്താ. 26:17, പ്ര.നി. മർക്കൊ. 14:12).

വിഷയം:

### രാജ്യത്തിന്റെ സുവിശേഷം—യേശു ക്രിസ്തു രാജ-രക്ഷകൻ എന്ന് തെളിയിക്കുന്നു

### അധ്യായം 1

I. രാജാവിന്റെ പൂർവികരും പദവിയും
1:1—2:23

A. അവന്റെ വംശാവലിയും സ്ഥാനവും—ക്രിസ്തു എന്നു വിളിക്കപ്പെട്ടു
1:1-17

1 [1]യേശു [2a]ക്രിസ്തുവിന്റെ [b]തലമുറയുടെ പുസ്തകം; അവൻ [3c]ദാവീദിന്റെ
പുത്രൻ, [4d]അബ്രാഹാമിന്റെ പുത്രൻ:

1a മത്താ. 1:16-17
1b ലൂക്കൊ. 3:23-38; പ്ര.നി. ഉൽ. 5:1
1c 2 ശമൂ. 7:12-14; മത്താ. 9:27; 12:23; 15:22; 20:30, 31; 21:9, 15; 22:42, 45; ലൂക്കൊ. 1:32; യോഹ. 7:42; റോമ. 1:5; വെളി. 22:16
1d ഉൽ. 22:18; ഗലാ. 3:16

---

1[1] പുതിയനിയമത്തിലെ ആദ്യത്തെ പേരും അവസാനത്തെ പേരും (വെളി. 22:21) യേശു എന്നതാണ്; യേശു ക്രിസ്തുവാണ് പുതിയനിയമത്തിന്റെ വിഷയവും ഉള്ളടക്കവും എന്ന് ഇത് തെളിയിക്കുന്നു.

വേദപുസ്തകം ജീവന്റെ പുസ്തകമാണ്; ഈ ജീവൻ, ജീവിക്കുന്ന വ്യക്തിയായ, അത്ഭുതവാനും സർവവും-ഉൾക്കൊള്ളുന്നവനുമായ ക്രിസ്തുവാണ്. പഴയനിയമം, മുൻകുറികളിലും പ്രവചനങ്ങളിലും, വരുന്നവനായ ഈ അത്ഭുതവാനായ വ്യക്തിയുടെ ചിത്രം നമുക്ക് നൽകുന്നു. ഇപ്പോൾ, പുതിയനിയമത്തിൽ, അത്ഭുതവാനായ ഈ വ്യക്തി വന്നിരിക്കുന്നു. പുതിയനിയമത്തിന്റെ ആദ്യത്തെ പുറം അത്ഭുതവാനായ ഈ വ്യക്തിയെ നമുക്ക് ശിപാർശ ചെയ്യുമ്പോൾ, അവന്റെ വംശാവലി നമുക്ക് നൽകുന്നു. ഈ വംശാവലിയെ, ക്രിസ്തുവിന്റെ വിശദമായ വംശാവലി തന്നെയായ പഴയനിയമത്തിന്റെ സംഗ്രഹമായി പരിഗണിക്കാം. മത്തായിയിലെ വംശാവലി മനസ്സിലാക്കുന്നതിനായി, നാം ഓരോ സംഭവത്തിന്റെയും ഉത്ഭവവും ചരിത്രവും പിന്തുടരേണ്ടതുണ്ട്.

ക്രിസ്തു, ആകമാന വേദപുസ്തകത്തിന്റെയും അത്ഭുതവാനായ കേന്ദ്രം എന്ന നിലയിൽ, അനേകം വശങ്ങളുള്ള സർവവും-ഉൾക്കൊള്ളുന്നവനാണ്. സർവവും-ഉൾക്കൊള്ളുന്ന ക്രിസ്തുവിന്റെ നാല് സുപ്രധാന വശങ്ങൾ ചിത്രീകരിക്കുവാനായി, പുതിയനിയമം അതിന്റെ ആരംഭത്തിൽ നാല് ജീവചരിത്രങ്ങൾ അവതരിപ്പിക്കുന്നു. അവൻ ഭൂമിയിലേക്ക് സ്വർഗരാജ്യം കൊണ്ടുവരുന്നവനായ, പഴയനിയമത്തിൽ പ്രവചിക്കപ്പെട്ട, ദൈവത്തിന്റെ ക്രിസ്തുവായ രാജാവ് ആകുന്നു എന്ന് മത്തായിയുടെ സുവിശേഷം സാക്ഷ്യപ്പെടുത്തുന്നു. അവൻ

പ്രത്യുദ്ധാര ഭാഷ്യത്തിൽ, മൂലഗ്രന്ഥത്തിൽ നിന്നുള്ള
പുതിയ പരിഭാഷ അടങ്ങിയിരിക്കുന്നു.

മത്തായി എഴുതിയ
സുവിശേഷത്തിൽ നിന്നും
ഒരു ചെറിയ ഭാഗം



2 അബ്രാഹാം [1a]യിസ്ഹാക്കിനെ ജനിപ്പിച്ചു, യിസ്ഹാക് [2b]യാക്കോബിനെ
ജനിപ്പിച്ചു, യാക്കോബ് [3c]യെഹൂദായെയും അവന്റെ [4d]സഹോദരന്മാരെയും
ജനിപ്പിച്ചു,

2[a] ഉൽ. 17:19; 21:3, 12; റോമ. 9:7-9
2[b] ഉൽ. 25:23-26; റോമ. 9:10-13
2[c] ഉൽ. 29:35; 49:8-10; 1 ദിന. 5:2; എബ്രാ. 7:14; വെളി. 5:5
2[d] ഉൽ. 35:22-26; 37:26; 44:14; 49:2, 28; 50:24; 1 ദിന. 5:2

---

ദൈവത്തിനുവേണ്ടി വിശ്വസ്തതയോടെ അധ്വാനിക്കുന്ന, ദൈവത്തിന്റെ ദാസനാണെന്ന് മർക്കൊസിന്റെ സുവിശേഷം നമ്മോട് പറയുന്നു. മർക്കൊസിന്റെ വിവരണം ഏറ്റവും ലളിതമാണ്, കാരണം ദാസൻ വിശദമായ രേഖ അർഹിക്കുന്നില്ല. ഈ ഭൂമിയിൽ ജീവിച്ചിട്ടുള്ള ആരിലുംവച്ച്, നേരായവനും ശരിയായവനുമായ ഏക മനുഷ്യൻ എന്ന നിലയിൽ, അവന്റെ സമ്പൂർണ ചിത്രം ലൂക്കൊസിന്റെ സുവിശേഷം അവതരിപ്പിക്കുന്നു; ഇത്തരമൊരു മനുഷ്യൻ എന്ന നിലയിൽ, അവൻ മനുഷ്യരാശിയുടെ രക്ഷകനാണ്. ദൈവജനത്തിന് ജീവനായ, സാക്ഷാൽ ദൈവം തന്നെയായ, ദൈവപുത്രനായി, യോഹന്നാന്റെ സുവിശേഷം അവനെ വെളിപ്പെടുത്തുന്നു. നാല് സുവിശേഷങ്ങളിൽ, മത്തായിയിലും ലൂക്കൊസിലും വംശാവലിയുടെ ഒരു രേഖയുണ്ട്; മർക്കൊസിലും യോഹന്നാനിലും അതില്ല. യേശു, പഴയനിയമത്തിൽ പ്രവചിക്കപ്പെട്ട, ദൈവത്തിന്റെ ക്രിസ്തുവായ രാജാവാണെന്ന് സാക്ഷ്യപ്പെടുത്തുവാൻ, ഈ രാജാവിന്റെ പൂർവികരെയും പദവിയെയും മത്തായി നമുക്ക് കാണിച്ചുതരേണ്ടതുണ്ട്. ഇത്, അവൻ ദാവീദിന്റെ സിംഹാസനത്തിന്റെ ശരിയായ അനന്തരാവകാശിയാണെന്ന് തെളിയിക്കുവാനാണ്. യേശു, നേരായവനും ശരിയായവനുമായ ഒരു മനുഷ്യനാണെന്ന് തെളിയിക്കുവാൻ, ലൂക്കൊസ് ഈ മനുഷ്യന്റെ തലമുറകളെ കാണിച്ചുതരേണ്ടതുണ്ട്. ഇത്, അവൻ മനുഷ്യരാശിയുടെ രക്ഷകൻ ആയിരിക്കുവാൻ യോഗ്യതയുള്ളവനാണെന്ന് ഉറപ്പിക്കുവാനാണ്. ഒരു ദാസന്റെ രേഖയ്ക്കായി, മർക്കൊസ് അവന്റെ ഉത്ഭവം നമ്മോട് പറയേണ്ട ആവശ്യമില്ല. യേശു സാക്ഷാൽ ദൈവം തന്നെയാണെന്നുള്ളത് വെളിവാക്കുവാനായി യോഹന്നാൻ നമുക്ക് അവന്റെ മനുഷ്യ വംശാവലി നൽകേണ്ട ആവശ്യവുമില്ല; പിന്നെയോ, ദൈവവചനം എന്ന നിലയിൽ, അവൻ ആദിയിലുള്ള സാക്ഷാൽ ദൈവം തന്നെയാണെന്ന് യോഹന്നാൻ പ്രഖ്യാപിക്കുന്നു.

ക്രിസ്തു രാജാവായിരിക്കുന്നതായ രാജ്യം, അബ്രാഹാമിന്റെ സന്തതികളാൽ രൂപവൽക്കരിക്കപ്പെട്ടതാണ്. ഇതിൽ, ജഡത്തിലുള്ളവരും വിശ്വാസത്തിലുള്ളവരുമായ അവന്റെ സന്തതികൾ ഉൾപ്പെടുന്നു. അതിനാൽ, മത്തായിയിലുള്ള ക്രിസ്തുവിന്റെ വംശാവലി, സൃഷ്ടിക്കപ്പെട്ട വംശത്തിന്റെ പിതാവായ ആദാമോടുകൂടെയല്ല, വിളിക്കപ്പെട്ട വംശത്തിന്റെ പിതാവായ അബ്രാഹാമോടുകൂടെ ആരംഭിക്കുന്നു. ദൈവരാജ്യം പണിയപ്പെടുന്നത്, സൃഷ്ടിക്കപ്പെട്ട ആദാമ്യവംശത്താലല്ല, വിളിക്കപ്പെട്ട അബ്രാഹാമ്യവംശത്താലാണ്. അതിൽ, യഥാർഥ യിസ്രായേല്യരും (റോമ. 9:6-8), ക്രിസ്തുവിലുള്ള വിശ്വാസികളും (ഗലാ. 3:7, 9, 29) ഉൾപ്പെടുന്നു. യേശു, മനുഷ്യരാശിയുടെ രക്ഷകനായിരിക്കുവാൻ യോഗ്യതയുള്ള ശരിയായ മനുഷ്യനാണെന്ന്, അവന്റെ വംശാവലി വിവരിച്ചുകൊണ്ട് തെളിയിക്കുവാൻ, ലൂക്കൊസ് പിന്നിലേക്ക് മനുഷ്യരാശിയുടെ ആദ്യത്തെ തലമുറയായ ആദാമിലേക്ക് അവന്റെ വംശാവലിയെ പിന്തുടരുന്നു.

1[2] യേശു ശരിയായ മനുഷ്യനാണെന്ന് തെളിയിക്കുന്ന, ലൂക്കൊസ് നൽകിയിരിക്കുന്ന അവന്റെ വംശാവലിയിൽ, *ക്രിസ്തു* എന്ന അഭിധാനം പരാമർശിക്കുന്നില്ല (ലൂക്കൊ. 3:23-38). എന്നാൽ, അവൻ രാജാവാണ്, ദൈവത്തിന്റെ ക്രിസ്തുവാണ്, എന്ന് തെളിയിക്കുന്ന, ഇവിടെ മത്തായി നൽകിയിരിക്കുന്ന ക്രിസ്തുവിന്റെ വംശാവലിയിൽ, *ക്രിസ്തു* എന്ന അഭിധാനം ആവർത്തിച്ച് ഊന്നിപ്പറഞ്ഞിരിക്കുന്നു (വാ. 1, 16-17).

1[3] ദാവീദിന്റെ സിംഹാസനവും രാജ്യവും അവകാശമാക്കുന്നവനായ, ദാവീദിന്റെ പുത്രനായ ക്രിസ്തുവിന് ഒരു മുൻകുറിയാണ് ശലോമോൻ (2 ശമൂ. 7:12-13; ലൂക്കൊ. 1:32-33). ക്രിസ്തുവിന് മുൻകുറി എന്ന നിലയിൽ ശലോമോൻ പ്രധാനമായി രണ്ട് കാര്യങ്ങൾ ചെയ്തു: അവൻ രാജ്യത്തിൽ ദൈവത്തിന്റെ ആലയം പണിയുകയും (1 രാജാ. 6:2) ജ്ഞാനത്തിന്റെ വചനം സംസാരിക്കുകയും (1 രാജാ. 10:23-24; മത്താ. 12:42) ചെയ്തു. ഈ മുൻകുറി നിറവേറ്റുന്നതിൽ, ക്രിസ്തു, ഇപ്പോൾ ദൈവരാജ്യത്തിൽ ദൈവത്തിന്റെ യഥാർഥ ആലയമായ സഭ പണിതുകൊണ്ടിരിക്കുന്നു, അവൻ ജ്ഞാനത്തിന്റെ വചനം സംസാരിച്ചുമിരിക്കുന്നു.

1[4] ദൈവം അബ്രാഹാമിനു നൽകിയ വാഗ്ദാനവും അനുഗ്രഹവും അവകാശമാക്കുന്നവനായ, അബ്രാഹാമിന്റെ പുത്രനായ ക്രിസ്തുവിന് ഒരു മുൻകുറിയാണ് യിസ്ഹാക് (ഉൽ. 22:17-18; ഗലാ. 3:16, 14). ക്രിസ്തുവിന് ഒരു മുൻകുറി എന്ന നിലയിൽ യിസ്ഹാക്കും പ്രധാനമായി രണ്ട് കാര്യങ്ങൾ ചെയ്തു: അവൻ മരണത്തോളം തന്റെ പിതാവിനെ അനുസരിക്കുകയും, മരണത്തിൽ നിന്ന് ഉയിർപ്പിക്കപ്പെടുകയും ചെയ്തു (ഉൽ. 22:9-10; എബ്രാ. 11:19), അവൻ ഒരു ജാതീയ സ്ത്രീയായ റിബെക്കായെ തന്റെ ഭാര്യയായി എടുക്കുകയും ചെയ്തു (ഉൽ. 24:61-67). ഈ മുൻകുറി നിറവേറ്റുന്നതിൽ, ക്രിസ്തു മരണത്തിന് ഏൽപ്പിക്കപ്പെടുകയും, ദൈവത്തിന് അർപ്പിക്കപ്പെടുകയും, മരണത്തിൽനിന്ന് ഉയിർപ്പിക്കപ്പെടുകയും ചെയ്തു; അവൻ ജാതികളിൽ നിന്ന് സഭയെ തന്റെ മണവാട്ടിയായി എടുക്കുകയും ചെയ്യുന്നു.

2[1] അബ്രാഹാം എട്ട് പുത്രന്മാരെ ജനിപ്പിച്ചു



3 യെഹൂദാ [1]താമാറിൽ [2a]പാരെസിനെയും സാരഹിനെയും ജനിപ്പിച്ചു,
പാരെസ് ഹെസ്രോനെ ജനിപ്പിച്ചു, [b]ഹെസ്രോൻ ആരാമിനെ ജനിപ്പിച്ചു,
4 ആരാം അമ്മീനാദാബിനെ ജനിപ്പിച്ചു, അമ്മീനാദാബ് നഹശോനെ
ജനിപ്പിച്ചു, നഹശോൻ ശല്മോനെ ജനിപ്പിച്ചു,
5 ശല്മോൻ [1a]രഹാബിൽ ബോവസിനെ ജനിപ്പിച്ചു, [2b]ബോവസ് [3c]രൂത്തിൽ
ഓബേദിനെ ജനിപ്പിച്ചു, ഓബേദ് [4d]യിശ്ശായിയെ ജനിപ്പിച്ചു,

3[a] ഉൽ. 38:6-30; 1 ദിന. 2:4
3[b] രൂത്ത് 4:18-22; 1 ദിന. 2:5, 9-12
5[a] യോശു. 2:1; 6:22-23, 25; എബ്രാ. 11:31
5[b] രൂത്ത് 4:21, 13, 17
5[c] രൂത്ത് 1:15-17; 2:11-12; 4:10-13; പ്ര.നി. ആവ. 23:3
5[d] രൂത്ത് 4:22; 1 ദിന. 2:12; യെശ. 11:1, 10

---

(ഉൽ. 16:15; 21:2-3; 25:2). ആ എട്ടുപേരിൽ, യിസ്ഹാക് മാത്രമേ വാഗ്ദത്ത സന്തതിയായി എണ്ണപ്പെടുന്നുള്ളൂ (റോമ. 9:7-8). അതുകൊണ്ട്, അബ്രാഹാമിനും അവനും നൽകപ്പെട്ട ദൈവത്തിന്റെ വാഗ്ദാനം നിറവേറ്റുവാൻ ക്രിസ്തു അവന്റെ സന്തതിയാണ് (ഉൽ. 22:18; 26:5).

2[2] യിസ്ഹാക് ഇരട്ട പുത്രന്മാരെ, ഏശാവിനെയും യാക്കോബിനെയും, ജനിപ്പിച്ചു (ഉൽ. 25:21-26), എന്നാൽ, യാക്കോബിനെ മാത്രമേ ദൈവം തിരഞ്ഞെടുത്തുള്ളൂ (റോമ. 9:10-13). അതിനാൽ, അബ്രാഹാമിനും യിസ്ഹാക്കിനും അവനും നൽകിയ ദൈവത്തിന്റെ വാഗ്ദാനം നിറവേറ്റുവാനുള്ള അവന്റെ സന്തതിയാണ് ക്രിസ്തു (ഉൽ. 22:18; 26:5; 28:14).

2[3] വാഗ്ദത്ത സന്തതിക്കുള്ള ജ്യേഷ്ഠാവകാശത്തിൽ, ദേശത്തിന്റെ ഇരട്ടി പങ്കും പൗരോഹിത്യവും രാജത്വവും അടങ്ങിയിരിക്കുന്നു. യാക്കോബിന്റെ ആദ്യജാതനായ പുത്രൻ എന്ന നിലയിൽ രൂബേൻ ജ്യേഷ്ഠാവകാശം സ്വായത്തമാക്കണമായിരുന്നു. എന്നാൽ, അവന്റെ അശുദ്ധി നിമിത്തം അവന് ജ്യേഷ്ഠാവകാശം നഷ്ടമായി (ഉൽ. 49:3-4; 1 ദിന. 5:1-2). ദേശത്തിന്റെ ഇരട്ടി പങ്ക് യോസേഫിന്റെ രണ്ട് പുത്രന്മാരായ മനശ്ശെയിലൂടെയും എഫ്രയീമിലൂടെയും യോസേഫിന് ലഭിച്ചു (യോശു. 16—17); പൗരോഹിത്യം ലേവിക്കും ലഭിച്ചു (ആവ. 33:8-10); രാജത്വം യെഹൂദായ്ക്ക് നൽകപ്പെട്ടു (ഉൽ. 49:10; 1 ദിന. 5:2). ആയതിനാൽ, ദൈവരാജ്യത്തിന്റെ രാജാവായ ക്രിസ്തു, യെഹൂദായുടെ ഒരു സന്തതിയാണ് (എബ്രാ. 7:14); ഈ നിലയിൽ അവൻ രാജ്യത്തെ അവകാശമാക്കുന്നു.

2[4] യിസ്ഹാക്കിന്റെ സഹോദരന്മാരെയോ, യാക്കോബിന്റെ സഹോദരനെയോ അല്ല, യെഹൂദായുടെ സഹോദരന്മാരെ മാത്രമാണ് ഈ വംശാവലിയിൽ പരാമർശിച്ചിരിക്കുന്നത്, കാരണം, യെഹൂദായുടെ സഹോദരന്മാരെ മാത്രമേ ദൈവം തിരഞ്ഞെടുത്തുള്ളൂ.

3[1] ആദാമിന്റെ വംശാവലിയിൽ ഒരു സ്ത്രീയെയും രേഖപ്പെടുത്തിയിട്ടില്ല (ഉൽ. 5:1-32), എന്നാൽ, ക്രിസ്തുവിന്റെ ഈ വംശാവലിയിൽ അഞ്ച് സ്ത്രീകളെ പരാമർശിച്ചിരിക്കുന്നു. ഈ അഞ്ച് പേരിൽ ഒരുവൾ മാത്രമായിരുന്നു ഒരു നിർമല കന്യക—തിരഞ്ഞെടുക്കപ്പെട്ട വംശത്തിലെ ഒരു സന്തതിയായ മറിയ. അവളിൽ നിന്ന് ക്രിസ്തു നേരിട്ട് ജനിച്ചു (വാ. 16). മറ്റുള്ളവരിൽ—താമാർ, രഹാബ്, രൂത്ത് (വാ. 5), ഊരിയാവിന്റെ ഭാര്യയായിരുന്ന ബത്ത്-ശേബ (വാ. 6)—ചിലർ ജാതികളായിരുന്നു, ചിലർ പുനർവിവാഹം ചെയ്തവരായിരുന്നു, മൂന്ന് പേർ പാപികൾപോലും ആയിരുന്നു—താമാർ നിഷിദ്ധബന്ധത്തിൽ ഏർപ്പെട്ടു, രഹാബ് ഒരു വേശ്യ ആയിരുന്നു, ബത്ത്-ശേബ വ്യഭിചാരം ചെയ്തു. ക്രിസ്തു യെഹൂദന്മാരോട് മാത്രമല്ല, ജാതികളോടും, പാപികളായ ജനത്തോടുപോലും ബന്ധപ്പെട്ടിരിക്കുന്നു എന്നും, തനി പാപികളുടെ രാജകീയ രക്ഷകനായിരിക്കുന്നുവെന്നും, ഇത് സൂചിപ്പിക്കുന്നു. താമാർ യെഹൂദായുടെ മരുമകളായിരുന്നു. യെഹൂദാ നിഷിദ്ധബന്ധത്താൽ അവളിൽ പാരെസിനെയും സാരഹിനെയും ജനിപ്പിച്ചു (ഉൽ. 38:6-30). എന്തോരു ദുഷ്ടത!

3[2] പാരെസും സാരഹും ഇരട്ടകളായിരുന്നു. പ്രസവസമയത്ത് സാരഹ് കൈ പുറത്തേക്ക് നീട്ടി. സൂതികർമിണി ഒരു ചുവന്ന നൂൽ എടുത്ത് അത് അടയാളപ്പെടുത്തി. അവനായിരിക്കും ആദ്യജാതൻ എന്ന് അത് സൂചിപ്പിച്ചു. എന്നാലും, ആദ്യജാതനാകുവാൻ പാരെസ് അവന് മുമ്പേ വന്നു (ഉൽ. 38:27-30). പാരെസ് മനുഷ്യനാൽ തിരഞ്ഞെടുക്കപ്പെട്ടവനല്ല, ദൈവത്താൽ അയയ്ക്കപ്പെട്ടവനാണ്. അത് മനുഷ്യന്റെ തിരഞ്ഞെടുപ്പിനാലല്ല, ദൈവത്തിന്റെ തിരഞ്ഞെടുപ്പിനാൽ ആയിരുന്നുവെന്ന് ഇത് തെളിയിക്കുന്നു.

5[1] രഹാബ്, ദൈവം നിത്യമായി ശപിച്ച സ്ഥലമായ (യോശു. 6:26) യെരീഹോവിലുള്ള ഒരു വേശ്യ ആയിരുന്നു (യോശു. 2:1). അവൾ ദൈവത്തിലേക്കും ദൈവജനത്തിലേക്കും തിരിയുകയും (യോശു. 6:22-23, 25; എബ്രാ. 11:31), പ്രമുഖ ഗോത്രമായ യെഹൂദായുടെ നേതാവായ ശല്മോനെ വിവാഹം കഴിക്കുകയും (1 ദിന. 2:10-11) ചെയ്തതിനുശേഷം, ഒരു ദൈവിക മനുഷ്യനായ ബോവസിനെ ജനിപ്പിച്ചു. അവനിൽ നിന്ന് ക്രിസ്തു വന്നു. നമ്മുടെ പശ്ചാത്തലം എന്തുതന്നെ ആയാലും, നാം ദൈവത്തിലേക്കും തന്റെ ജനത്തിലേക്കും തിരിയുകയും, ദൈവജനത്തിനിടയിലെ, ശരിയായ വ്യക്തിയോട് ചേരുകയും ചെയ്താൽ, നാം ശരിയായ ഫലം പുറപ്പെടുവിക്കുകയും ക്രിസ്തുവിന്റെ ജ്യേഷ്ഠാവകാശത്തിന്റെ ആസ്വാദനത്തിൽ പങ്കെടുക്കുകയും ചെയ്യും.

5[2] ബോവസ് തന്റെ ചാർച്ചക്കാരന്റെ അവകാശം വീണ്ടെടുക്കുകയും, ആ മനുഷ്യന്റെ വിധവയെ വിവാഹം കഴിക്കുകയും ചെയ്തു (രൂത്ത് 4:1-17). അപ്രകാരം ചെയ്തതിനാൽ, അവൻ ക്രിസ്തുവിന്റെ ശ്രദ്ധേയനായ പൂർവപിതാവ്, അതായത്, ക്രിസ്തുവിന്റെ ശ്രേഷ്ഠനായ സഹചാരി ആയിത്തീർന്നു.

5[3] രൂത്തിന്റെ ഉത്ഭവം നിഷിദ്ധബന്ധത്താൽ

ഫിലേമൊന് എഴുതിയ ലേഖനത്തിൽ നിന്നും ഒരു ചെറിയ ഭാഗം

ഈ പുസ്തകത്തെ അതിന്റെ പരിപൂർണതയിൽ കാണിച്ചിരിക്കുന്നു

## പൗലൊസ്
# ഫിലേമൊന് എഴുതിയ ലേഖനം

എഴുത്തുകാരൻ: അപ്പൊസ്തലനായ പൗലൊസ്, സഹോദരനായ തിമൊഥെയൊസിനോടുകൂടെ (വാ.1).

എഴുതിയ സമയം: ഉദ്ദേശം A.D. 64, പൗലൊസ് തന്റെ ഒന്നാം റോമാ കാരാഗൃഹവാസത്തിൽ നിന്ന് മോചിതനാകുന്നതിന് അൽപ്പം മുമ്പ് (വാ. 9, 22).

എഴുതിയ സ്ഥലം: ഒരു റോമാ കാരാഗൃഹം; മുകളിൽ നൽകിയിരിക്കുന്ന വാക്യങ്ങൾ കാണുക.

സ്വീകർത്താവ്: ഫിലേമൊനും അപ്പിയയും അർക്കിപ്പൊസും അവരുടെ വീട്ടിലുള്ള സഭയും (വാ. 1-2).

## വിഷയം:
## പുതുമനുഷ്യനിൽ വിശ്വാസികളുടെ തുല്യനിലയുടെ ഒരു ദൃഷ്ടാന്തം

### I. ആമുഖം
### വാ. 1-3

1 ക്രിസ്തു യേശുവിന്റെ [a]തടവുകാരനായ പൗലൊസും സഹോദരനായ
[b]തിമൊഥെയൊസും, ഞങ്ങളുടെ പ്രിയനും [c]കൂട്ടുവേലക്കാരനുമായ ഫിലേമൊനും
2 [a]സഹോദരിയായ [1]അപ്പിയയ്ക്കും ഞങ്ങളുടെ [b]സഹഭടനായ [1c]അർക്കി
പ്പൊസിനും നിന്റെ വീട്ടിലുള്ള [2d]സഭയ്ക്കും എഴുതുന്നത്:
3 നമ്മുടെ പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശു
ക്രിസ്തുവിൽനിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടായിരിക്കട്ടെ.

### II. സഹോദരനാകുവാൻ ഒരു അടിമ വീണ്ടുംജനിക്കുന്നു
### വാ. 4-16

4 കർത്താവായ യേശുവിനോടും സകല വിശുദ്ധന്മാരോടും നിനക്കുള്ള
[1]സ്നേഹത്തെയും വിശ്വാസത്തെയും കുറിച്ചു കേട്ടിട്ട്,

1a ഫിലേ. 9; എഫെ. 3:1
1b 1 തിമൊ. 1:2; 1 തെസ്സ. 1:1; 3:2
1c ഫിലേ. 24; റോമ. 16:3, 21
2a റോമ. 16:1
2b ഫിലി. 2:25
2c കൊലൊ. 4:17
2d റോമ. 16:5; 1 കൊരി. 16:19; കൊലൊ. 4:15

---

2[1] ഈ ലേഖനത്തിന്റെ കുടുംബസംബന്ധിയായ സ്വഭാവമനുസരിച്ച്, അപ്പിയ ഫിലേമൊന്റെ ഭാര്യയും, അർക്കിപ്പൊസ് അവന്റെ പുത്രനും ആയിരുന്നിരിക്കണം.

2[2] ഫിലേമൊൻ കൊലൊസ്സ്യയിലാണ് താമസിച്ചിരുന്നത് (വാ. 2 പ്ര.നി. കൊലൊ. 4:17; വാ. 10 പ്ര. നി. കൊലൊ. 1:2; 4:9). ചരിത്രമനുസരിച്ച്, അവൻ അവിടുത്തെ സഭയിലെ ഒരു മൂപ്പൻ ആയിരുന്നു. കൊലൊസ്സ്യയിലുള്ള സഭ കൂടിവന്നിരുന്നത് അവന്റെ വീട്ടിൽ ആയിരുന്നിരിക്കണം. അതുകൊണ്ട്, അത് അവന്റെ വീട്ടിലുള്ള സഭയായിരുന്നു.

4[1] ഒരു വിശ്വാസിയുടെ ജീവിതത്തിന്റെ പ്രാരംഭ ഘട്ടത്തിൽ, വിശ്വാസം ആദ്യം വരുന്നു. അതിനുശേഷം, വിശ്വാസത്തിൽ നിന്ന് സ്നേഹം ഉളവാക്കപ്പെടുന്നു (ഗലാ. 5:6; എഫെ. 1:15; കൊലൊ. 1:4; 1 തിമൊ. 1-ൽ 14[2], എഫെ. 6-ൽ 23[3] എന്നീ കുറിപ്പുകൾ കാണുക). എന്നാൽ ഇവിടെ, ആദ്യം സ്നേഹത്തെയും അതിനുശേഷം വിശ്വാസത്തെയും പരാമർശിച്ചിരിക്കുന്നു. കാരണം, ഈ ലേഖനത്തിൽ പ്രതിപാദിച്ചിരിക്കുന്ന, വിശ്വാസികളുടെ തുല്യനില എന്ന വിഷയം, വിശ്വാസത്തിൽ നിന്ന് വരുന്ന സ്നേഹത്തെ സംബന്ധിച്ച വിഷയമാണ്. പുതുമനുഷ്യനിൽ അംഗങ്ങൾ വിശ്വാസത്തിൽ അന്യോന്യം സ്നേഹിക്കുന്നു (തീത്തൊ.3:15). അവരുടെ ബന്ധം, വിശ്വാസത്തിലൂടെയുള്ള സ്നേഹത്തിന്റേതാണ്. ഫിലേമൊന്റെ വിശ്വാസത്തിന്റെ കൂട്ടായ്മയെ (വാ. 5) അപ്പൊസ്തലൻ വിലമതിക്കുകയും, അവന്റെ സ്നേഹത്താൽ പ്രോത്സാഹിതനാകുകയും ചെയ്തു (വാ. 7); അങ്ങനെ, ഈ സ്നേഹം നിമിത്തം ഒനേസിമൊസിനെ സ്വീകരിക്കുവാൻ അവൻ

---



5 [1]ക്രിസ്തുവിനായി [2]നിന്നിലുള്ള [3]സകല നല്ല കാര്യങ്ങളുടെയും [4]പൂർണ
[a]പരിജ്ഞാനത്തിൽ നിന്റെ വിശ്വാസത്തിന്റെ കൂട്ടായ്മ ഫലപ്രദമാകേണ്ടതിന്,
6 എന്റെ പ്രാർഥനകളിൽ നിന്നെക്കുറിച്ച് [a]പരാമർശിച്ചുകൊണ്ട്, എന്റെ
ദൈവത്തിന് എപ്പോഴും [b]സ്തോത്രം ചെയ്യുന്നു.
7 [1]എന്തെന്നാൽ നിന്നിലൂടെ വിശുദ്ധന്മാരുടെ [2a]അന്തർഭാഗങ്ങൾ [3b]ഉന്മേ
ഷമുള്ളതാക്കപ്പെട്ടതിനാൽ, [c]സഹോദരാ, നിന്റെ സ്നേഹത്തെച്ചൊല്ലി എനിക്കു
വളരെ [d]സന്തോഷവും [e]പ്രോത്സാഹനവും ഉണ്ടായി.
8 അതുകൊണ്ട് [a]ഉചിതമായത് എന്തെന്ന് നിന്നോട് [b]ആജ്ഞാപിക്കുവാൻ
ക്രിസ്തു യേശുവിൽ എനിക്കു വളരെ [c]ധൈര്യമുണ്ടെങ്കിലും,
9 അതിലുപരി പൗലൊസ് എന്ന [1]വൃദ്ധനും ഇപ്പോൾ ക്രിസ്തു യേശുവിന്റെ
[2a]തടവുകാരനും കൂടിയായ ഞാൻ സ്നേഹം നിമിത്തം [b]അപേക്ഷിക്കുന്നു.
10 എന്റെ [a]ബന്ധനങ്ങളിൽ ഞാൻ [1b]ജനിപ്പിച്ച, എന്റെ [c]മകനായ [2d]ഒനേസി
മൊസിനെക്കുറിച്ചാകുന്നു ഞാൻ നിന്നോട് അപേക്ഷിക്കുന്നത്,
11 അവൻ മുമ്പ് നിനക്കു [1]പ്രയോജനമില്ലാത്തവൻ ആയിരുന്നെങ്കിലും
ഇപ്പോൾ നിനക്കും എനിക്കും [2]പ്രയോജനമുള്ളവൻ ആകുന്നു.

5a ഫിലി. 1:9; കൊലൊ. 1:9; 3:10
6a എഫെ. 1:16
6b റോമ. 1:8
7a ഫിലേ. 12, 20
7b ഫിലേ. 20; 2 തിമൊ. 1:16
7c ഫിലേ. 20, 16; മത്താ. 23:8; ലൂക്കൊ. 22:32; യോഹ. 21:23; ഗലാ. 6:18; വെളി. 1:9
7d ഫിലി. 2:4
7e 2 കൊരി. 7:4, 13; കൊലൊ. 4:11
8a എഫെ. 5:4
8b 1 തിമൊ. 1:18
8c 2 കൊരി. 3:12
9a ഫിലേ. 1
9b റോമ. 12:1
10a ഫിലേ. 13; ഫിലി. 1:7
10b 1 കൊരി. 4:14-15; ഗലാ. 4:19
10c 1 തിമൊ. 1:2
10d കൊലൊ. 4:9

---

ഫിലേമൊനോട് അഭ്യർഥിച്ചു (വാ. 9). ഇവിടെ ഈ രണ്ട് നന്മകളെയും സംയുക്തമായി പരാമർശിച്ചിരിക്കുന്നു; ഫിലേമൊന്, കർത്താവിനോട് മാത്രമല്ല, പിന്നെയോ സകല വിശുദ്ധന്മാരോടും, അവ രണ്ടും ഉണ്ടായിരുന്നു.

5[1] അക്ഷരാർഥത്തിൽ, ക്രിസ്തുവിങ്കലേക്ക്, ക്രിസ്തുവിലേക്ക്. നമ്മിലുള്ള ആത്മികവും ദിവ്യവുമായ സകല നല്ല കാര്യങ്ങളും ക്രിസ്തുവിങ്കലേക്കും ക്രിസ്തുവിലേക്കും ക്രിസ്തുവിനായുമാണ്. എല്ലാ വിശുദ്ധന്മാരോടുമുള്ള ഫിലേമൊന്റെ വിശ്വാസത്തിന്റെ കൂട്ടായ്മ, സമ്പർക്കം, പങ്കിടൽ, ക്രിസ്തുവിനായി നമ്മിലുള്ള സകല നല്ല കാര്യങ്ങളുടെയും പൂർണ പരിജ്ഞാനത്തിന്റെ, പൂർണ അനുഭവജ്ഞാനത്തിന്റെ, മൂലകത്തിലും മണ്ഡലത്തിലും അവരിൽ ഫലപ്രദമായിത്തീരേണ്ടതിന് അപ്പൊസ്തലൻ പ്രാർഥിച്ചു. ക്രിസ്തുവിനായി വിശ്വാസികളിലുള്ള ആത്മികവും ദിവ്യവുമായ സകല നല്ല കാര്യങ്ങളെയും അംഗീകരിക്കുവാനും വിലമതിക്കുവാനും തിരിച്ചറിയുവാനും ഇത് അവരെ ഇടയാക്കി.

5[2] ചില പ്രാചീന കൈയെഴുത്തുപ്രതികളിൽ, നമ്മിലുള്ള, എന്നായിരിക്കുന്നു.

5[3] സ്വാഭാവിക കാര്യങ്ങളല്ല (പ്ര. നി. റോമ. 7:18), പിന്നെയോ, ഫിലേമൊന് കർത്താവായ യേശുവിനോടുണ്ടായിരുന്ന സ്നേഹം, വിശ്വാസം എന്നിവപോലുള്ള, ആത്മികവും ദിവ്യവുമായ നല്ല കാര്യങ്ങൾ. ഈ നല്ല കാര്യങ്ങൾ, വീണ്ടുംജനിച്ച വിശ്വാസികളായ നമ്മിലുണ്ട്, എന്നാൽ, സ്വാഭാവിക മനുഷ്യരിൽ ഇവയില്ല.

5[4] അതായത്, പൂർണ അംഗീകാരത്തിൽ, പൂർണ വിലമതിക്കലിൽ, അനുഭവത്തിലൂടെയുള്ള പൂർണ തിരിച്ചറിവിൽ.

7[1] *എന്തെന്നാൽ* എന്നത്, ഫിലേമൊന്റെ വിശ്വാസം വിശുദ്ധന്മാരിൽ ഫലപ്രദമാകേണ്ടതിന് അപ്പൊസ്തലൻ പ്രാർഥിക്കുവാനുള്ള കാരണത്തെ അവതരിപ്പിക്കുന്നു (വാ. 5). ഫിലേമൊന്റെ സ്നേഹം വിശുദ്ധന്മാരുടെ അന്തർഭാഗങ്ങളെ ഉന്മേഷമുള്ളതാക്കുകയും, അങ്ങനെ, അപ്പൊസ്തലന് വളരെ സന്തോഷവും പ്രോത്സാഹനവും നൽകുകയും ചെയ്തു, എന്നതായിരുന്നു ഈ കാരണം.

7[2] അക്ഷരാർഥത്തിൽ, ഉദരഭാഗങ്ങൾ.

7[3] സാന്ത്വനിപ്പിക്കപ്പെട്ടതിനാൽ, ഉൽസാഹം പകർന്നതിനാൽ.

9[1] അഥവാ, ഒരു സ്ഥാനാപതി (എഫെ. 6:20).

9[2] ഈ വാക്യത്തിലെ *തടവുകാരൻ* എന്നതും, വാ. 23-ലെ *കൂട്ടുതടവുകാരൻ* എന്നതും, വാ. 13-ലെ *ബന്ധനങ്ങളിൽ* എന്നതും, ഈ ലേഖനം അപ്പൊസ്തലന്റെ, റോമയിലെ ഒന്നാം തടവുകാലത്ത് എഴുതപ്പെട്ടു എന്നതിനെ സൂചിപ്പിക്കുന്നു. 2 തിമൊഥെയൊസ് 4-ൽ കുറിപ്പ് 6[2] കാണുക.

10[1] ദൈവത്തിന്റെ നിത്യജീവനാൽ ആത്മാവിലൂടെ (യോഹ 3:3; 1:13).

10[2] യവനഭാഷയിൽ ഈ പേരിന്റെ അർഥം *ഫലപ്രദമായ, പ്രയോജനകരമായ, സഹായകരമായ* എന്നാണ്; അത് പൊതുവെ അടിമകൾക്കുള്ള ഒരു പേരായിരുന്നു. അവൻ ഫിലേമൊൻ വിലയ്ക്കുവാങ്ങിയ ബദ്ധനായ അടിമയായിരുന്നു. റോമാ നിയമപ്രകാരം അവന് മനുഷ്യാവകാശങ്ങൾ ഒന്നുംതന്നെയില്ലായിരുന്നു. അവൻ തന്റെ യജമാനനെ വിട്ട് കടന്നുകളഞ്ഞ്, തന്മൂലം മരണശിക്ഷാർഹമായ ഒരു കുറ്റം ചെയ്തു. അവൻ റോമയിൽ അപ്പൊസ്തലനോടൊപ്പം തടവറയിലായിരുന്നപ്പോൾ, അപ്പൊസ്തലനിലൂടെ രക്ഷിക്കപ്പെട്ടു. ഇപ്പോൾ അപ്പൊസ്തലൻ ഈ ലേഖനം സഹിതം അവനെ അവന്റെ യജമാനന്റെ അടുക്കലേക്ക് മടക്കി അയച്ചു.

11[1] അഥവാ, ഉപയോഗക്ഷമമല്ലാത്ത. ഒനേസിമൊസ് ഫിലേമൊനെ വിട്ട് കടന്നുകളഞ്ഞതിനെ സൂചിപ്പിക്കുന്നു.

11[2] അഥവാ, ഉപയോഗക്ഷമമായ. ഒനേസിമൊസ് പരിവർത്തിതനാകുകയും, അവൻ ഫിലേമൊന്റെ അടുക്കലേക്ക് മടങ്ങുവാൻ സന്നദ്ധനാകുകയും ചെയ്തതിനാൽ.

## ഫിലേമോന് എഴുതിയ ലേഖനത്തിൽ നിന്നും ഒരു ചെറിയ ഭാഗം

ഈ പുസ്തകത്തെ അതിന്റെ പരിപൂർണതയിൽ കാണിച്ചിരിക്കുന്നു



**12** അവനെ, അതായത് എന്റെ [1]ഹൃദയത്തെ തന്നെ, നിന്റെ അടുക്കലേക്ക്
ഞാൻ മടക്കി അയച്ചിരിക്കുന്നു,
**13** സുവിശേഷത്തിന്റെ [a]ബന്ധനങ്ങളിൽ എന്നെ ശുശ്രൂഷിക്കേണ്ടതിന്
നിനക്കു പകരം അവനെ എന്റെ കൂടെ നിർത്തുവാൻ ഞാൻ ഉദ്ദേശിച്ചിരുന്നു.
**14** എന്നാൽ നിന്റെ നന്മ ആവശ്യകതയാൽ [a]എന്നല്ല [b]സ്വമേധയാലത്രേ
എന്ന് വരേണ്ടതിനു, നിന്റെ സമ്മതം [1]കൂടാതെ ഞാൻ ഒന്നും ചെയ്യുവാൻ
ഇച്ഛിച്ചില്ല.
**15** [1]എന്തെന്നാൽ [2]ഒരുപക്ഷേ ഈ കാരണം നിമിത്തം, അവനെ നിനക്ക്
എന്നേക്കും [3]പൂർണമായി ലഭിക്കേണ്ടതിന്, അവൻ ഒരു നാഴിക നേരത്തേക്ക്
നിന്നിൽ നിന്ന് മാറ്റപ്പെട്ടതാകാം,
**16** അവൻ [1]ഇനിമേൽ [a]അടിമയല്ല, അടിമയെക്കാൾ [2]ഉപരി, വിശേഷാൽ
എനിക്കു [3]പ്രിയ [b]സഹോദരനെങ്കിൽ, നിനക്കു [4c]ജഡത്തിലും കർത്താവിലും
എത്ര അധികം.

13[a] ഫിലേ. 10
14[a] 2 കൊരി. 9:7; 1 പത്രൊ. 5:2
14[b] പ്ര.നി. റോമ. 12:8
16[a] 1 കൊരി. 7:22
16[b] ഫിലേ. 7; കൊലൊ. 4:9; 1 തിമൊ. 6:2
16[c] എഫെ. 6:5; കൊലൊ. 3:22

---

**12[1]** അക്ഷരാർഥത്തിൽ, ഉദരഭാഗങ്ങളെ. വാക്യങ്ങൾ 7, 20 (*അന്തർഭാഗങ്ങൾ*), ഫിലി. 1:8 (*അന്തർഭാഗങ്ങൾ*), ഫിലി. 2:1 (*ആർദ്രത*), കൊലൊ. 3:12 (*അന്തർഭാഗങ്ങൾ*) എന്നിവയിലേതുപോലെ, ആന്തരിക വാത്സല്യത്തെ, ആർദ്രതയെ, മനസ്സലിവിനെ സൂചിപ്പിക്കുന്നു. പൗലൊസിന്റെ ആന്തരിക വാത്സല്യവും മനസ്സലിവും ഒനേസിമൊസിനോടൊപ്പം ഫിലേമൊന്റെ അടുക്കലേക്ക് പോയി.

**14[1]** നമ്മുടെ സമ്മതമില്ലാതെ കർത്താവ് ഒന്നും ചെയ്യാത്തത് പോലെതന്നെ.

**15[1]** *എന്തെന്നാൽ* എന്നത്, വാ. 12-ലെ അയച്ചതിനുള്ള കാരണത്തെ അവതരിപ്പിക്കുന്നു.

**15[2]** *ഒരുപക്ഷേ* എന്നത് താഴ്മയെ കുറിക്കുന്ന ഒരു പ്രയോഗം മാത്രമല്ല, യാതൊരു മുൻവിധിയും കാണിക്കാത്ത ഒരു പ്രയോഗവുമാണ്.

**15[3]** അവനെ സമ്പൂർണമായും സ്വന്തമാക്കേണ്ടതിന്.

**16[1]** ക്രിസ്തുവിന്റെ ശരീരത്തിലെ എല്ലാ അവയവങ്ങൾക്കും ദൈവത്തിന്റെ നിത്യ ജീവനിലും ദിവ്യസ്നേഹത്തിലുമുള്ള തുല്യതയെ നമുക്ക് കാണിച്ചുതരുക എന്ന പ്രത്യേക ഉദ്ദേശ്യത്തെ ഈ ഹ്രസ്വ ലേഖനം നിറവേറ്റുന്നു. പൗലൊസ് ജീവിച്ചിരുന്നതായ അർദ്ധപ്രാകൃത യുഗത്തിൽ, അടിമത്തം എന്ന ശക്തമായ സ്ഥാപിതാചാരത്തെ വിശ്വാസികൾക്കിടയിൽ ക്രിസ്തുവിന്റെ ജീവൻ അസാധുവാക്കിയിരുന്നു. വീണുപോയ മനുഷ്യരാശിയുടെ മധ്യേയുള്ള ദുഷ്ട സമൂഹക്രമത്തെ സ്വതസിദ്ധമായി അവഗണിക്കത്തക്കവണ്ണം, ക്രിസ്തീയ കൂട്ടായ്മയിലെ സ്നേഹം എന്ന മനോവികാരം ശക്തവും പ്രബലവുമായിരുന്നു. അതിനാൽ, ഇത് സ്ഥാപിതാചാരസംബന്ധിയായ വിമോചനത്തിനായുള്ള ആവശ്യം മുൻകണ്ടൊഴിവാക്കി. ക്രിസ്തുവിലുള്ള പുതുമനുഷ്യനായിരുന്നതും, സ്വതന്ത്രനും ബദ്ധനും തമ്മിൽ ഒരു വേർതിരിവും ഇല്ലാതിരുന്നതുമായ (കൊലൊ. 3:10-11), സഭയിൽ, വിശ്വാസികളുടെ ദിവ്യജനനം നിമിത്തവും, അവർ ദിവ്യജീവനാൽ ജീവിച്ചിരുന്നത് നിമിത്തവും, ക്രിസ്തുവിലുള്ള വിശ്വാസികൾക്കെല്ലാം തുല്യനിലയുണ്ടായിരുന്നു. ഇത് മൂന്ന് വസ്തുതകളെ ആധാരമാക്കിയായിരുന്നു: (1) ക്രിസ്തുവിന്റെ ക്രൂശുമരണം, ഏക പുതുമനുഷ്യനെ സൃഷ്ടിക്കുവാനായി വ്യത്യസ്ത ജീവിതരീതികളുടെ ചട്ടങ്ങളെ ഇല്ലാതാക്കി (എഫെ. 2:14); (2) നാമെല്ലാവരും ക്രിസ്തുവിലേക്ക് സ്നാനപ്പെട്ട്, യാതൊരു വ്യത്യാസവുമില്ലാതെ അവനിൽ ഒന്നാക്കപ്പെട്ടു (ഗലാ. 3:27-28); (3) പുതുമനുഷ്യനിൽ ക്രിസ്തു എല്ലാവരും, എല്ലാവരിലുമാണ് (കൊലൊ. 3:11). സഭയിൽ നല്ല ക്രമം പാലിക്കുവാനും (തീത്തൊസിൽ), സഭയെ സംബന്ധിച്ച ദൈവവ്യവസ്ഥ നടപ്പാക്കുവാനും (1 തിമൊഥെയൊസിൽ), സഭയുടെ അധഃപതനത്തിന്റെ പ്രവാഹത്തെ എതിർത്തുനിൽക്കുവാനും (2 തിമൊഥെയൊസിൽ) തുല്യ കൂട്ടായ്മയിലുള്ള ഇത്തരം സ്നേഹത്തോടുകൂടിയ ഇപ്രകാരമുള്ള ജീവിതം, നന്നേ പ്രാപ്തമാണ്. പുതിയനിയമത്തിലെ ക്രമത്തിൽ ഈ ലേഖനത്തിന്റെ സ്ഥാനം മുമ്പിലത്തെ മൂന്ന് പുസ്തകങ്ങൾക്ക് ശേഷമാണ് എന്നുള്ളത് കർത്താവിന്റെ സർവാധികാരമാണ്.

**16[2]** അഥവാ, അടിമയെക്കാൾ അധികം. ഒനേസിമൊസ് സ്വതന്ത്രനായ ഒരു മനുഷ്യനെക്കാൾ പോലും അധികമായിരുന്നു—അവൻ ഒരു പ്രിയ സഹോദരനായിരുന്നു.

**16[3]** ഇവിടെ *പ്രിയ സഹോദരൻ* എന്നതും, *സഹോദരി* (വാ. 2), *പ്രിയനും കൂട്ടുവേലക്കാരനും* (വാ. 1), *സഹഭടൻ* (വാ. 2), *കൂട്ടുവേലക്കാർ* (വാ. 24), *കൂട്ടുതടവുകാരൻ* (വാ. 23), *കൂട്ടാളി* (വാ. 17) എന്നതുമെല്ലാം ഉറ്റ പദങ്ങളാണ്. ഇവ, പുതുമനുഷ്യനിലെ അവയവങ്ങളുമായുള്ള തന്റെ ബന്ധത്തെ സംബന്ധിച്ച അപ്പൊസ്തലന്റെ ഉറ്റ മനോവികാരത്തെ സൂചിപ്പിക്കുന്നു.

**16[4]** അതായത്, ജഡത്തിൽ അടിമയായും, കർത്താവിൽ സഹോദരനായും. ജഡത്തിൽ ഒനേസിമൊസ് ഒരു അടിമയായ സഹോദരനായിരുന്നു; കർത്താവിൽ അവൻ സഹോദരനായ ഒരു അടിമയായിരുന്നു.



17[a] 2 കൊരി. 8:23
19[a] 1 കൊരി. 16:21; ഗലാ. 6:11
20[a] ഫിലേ. 7
20[b] ഫിലേ. 7
21[a] 2 കൊരി. 2:3
22[a] പ്രവൃ. 28:23
22[b] 2 കൊരി. 1:11; ഫിലി. 1:19
22[c] എബ്രാ. 13:19
23[a] റോമ. 16:7; കൊലൊ. 4:10
23[b] കൊലൊ. 1:7; 4:12
24[a] ഫിലേ. 1
24[b] പ്രവൃ. 12:12,25; കൊലൊ. 4:10
24[c] പ്രവൃ. 19:29; കൊലൊ. 4:10
24[d] കൊലൊ. 4:14; 2 തിമൊ. 4:10
24[e] കൊലൊ. 4:14; 2 തിമൊ. 4:11

### III. പുതുമനുഷ്യന്റെ സ്വീകാര്യതയ്ക്കു വേണ്ടി ഒരു സഹോദരൻ ശിപാർശ ചെയ്യപ്പെടുന്നു
### വാ. 17-22

**17** ആകയാൽ [1]നീ എന്നെ [2a]കൂട്ടാളിയായി കരുതുന്നു എങ്കിൽ, എന്നെ
എന്നപോലെ അവനെ കൈക്കൊള്ളുക.
**18** അവൻ എന്തിലെങ്കിലും നിന്നോട് [1]തെറ്റുചെയ്യുകയോ എന്തെങ്കിലും
കടപ്പെട്ടിരിക്കുകയോ ചെയ്യുന്നെങ്കിൽ, അത് [2]എന്റെ കണക്കിൽ ചേർത്തു
കൊള്ളുക.
**19** പൗലൊസ് എന്ന ഞാൻ എന്റെ [a]സ്വന്ത കൈയാൽ എഴുതിയിരിക്കുന്നു:
ഞാൻ [1]മടക്കിത്തരും; ഇതുകൂടാതെ [2]നീ തന്നെ എനിക്കു കടപ്പെട്ടിരിക്കുന്നു
എന്ന് നിന്നോടു പറയേണ്ടതില്ലല്ലോ.
**20** അതേ [a]സഹോദരാ, എനിക്കു നിന്നിൽ നിന്ന് കർത്താവിൽ [1]പ്രയോജനം
ഉണ്ടാകട്ടെ; ക്രിസ്തുവിൽ എന്റെ [2]അന്തർഭാഗങ്ങളെ [3b]ഉന്മേഷമുള്ളതാക്കുക.
**21** നിന്റെ അനുസരണത്തിൽ [a]നിശ്ചയം ഉണ്ടായിട്ട്, ഞാൻ പറയുന്ന
കാര്യങ്ങൾക്കപ്പുറം നീ ചെയ്യും എന്ന് അറിഞ്ഞുകൊണ്ട്, ഞാൻ നിനക്ക്
എഴുതിയിരിക്കുന്നു.
**22** അതേസമയം എനിക്ക് ഒരു [a]താമസസ്ഥലവും ഒരുക്കുക, എന്തെന്നാൽ
നിങ്ങളുടെ [b]പ്രാർഥനകൾ മുഖാന്തരം ഞാൻ [1]കൃപാപൂർവം നിങ്ങൾക്കു
[c]നൽകപ്പെടും എന്ന് [2]പ്രത്യാശിക്കുന്നു.

### IV. ഉപസംഹാരം
### വാ. 23-25

**23** ക്രിസ്തു യേശുവിൽ എന്റെ [a]കൂട്ടുതടവുകാരനായ [1b]എപ്പഫ്രാസ് നിന്നെ
വന്ദനം ചെയ്യുന്നു;
**24** അങ്ങനെതന്നെ എന്റെ [a]കൂട്ടുവേലക്കാരായ [b]മർക്കൊസും [c]അരിസ്തർ
ഹൊസും [d]ദേമാസും [e]ലൂക്കൊസും.

---

**17[1]** മൂപ്പന്മാരോടുകൂടിയ ഒരു സ്ഥലം സഭ കർത്താവുമായി പങ്കാളിത്തത്തിൽ ആയിരിക്കുന്നത് പോലെ. സൗഖ്യമാക്കപ്പെട്ടവനോട് നല്ല ശമര്യാക്കാരൻ ചെയ്തത് പോലെ (ലൂക്കൊ. 10:33-35), പുതുതായി രക്ഷിക്കപ്പെട്ടവരെ കർത്താവ് മൂപ്പന്മാരോടുകൂടിയ സ്ഥലം സഭയെ ഭരമേൽപ്പിക്കുന്നു.

**17[2]** ഇത്, കർത്താവിലുള്ള കൂട്ടായ്മയിലെ ആഴമേറിയ ബന്ധത്തെ സൂചിപ്പിക്കുന്നു.

**18[1]** ഒനേസിമൊസ് തന്റെ യജമാനനെ കബളിപ്പിച്ചിരുന്നു എന്ന് ഇത് സൂചിപ്പിക്കുന്നു.

**18[2]** കർത്താവ് നമുക്കുവേണ്ടി ചെയ്യുന്നത് തന്നെയാണ്, ഒനേസിമൊസിനുവേണ്ടി കരുതിയപ്പോൾ പൗലൊസ് ചെയ്തത്.

**19[1]** താൻ വീണ്ടെടുത്തവർക്ക് വേണ്ടി കർത്താവ് സകലവും വിലയായി കൊടുക്കുന്നതുപോലെ.

**19[2]** ഫിലേമൊൻ പൗലൊസിലൂടെത്തന്നെയായിരുന്നു രക്ഷിക്കപ്പെട്ടതെന്ന് ഇത് സൂചിപ്പിക്കുന്നു.

**20[1]** യവനഭാഷയിൽ, *ഒനേസിമൊസ്* എന്നതിനോട് സ്വരസാദൃശ്യമുള്ള, *ഒനായ്മെൻ* (ഇരു വാക്കുകളുടെയും അർഥം *പ്രയോജനമുള്ള* എന്നാണ്), ഇവിടെ, ഈ പദം ഒനേസിമൊസ് എന്ന പേരിന്റെ ഒരു പരോക്ഷ സൂചകമാണ്. ഇത് ഒരു ദ്വയാർഥപ്രയോഗമാണ്. "നീ നിന്നെത്തന്നെ എനിക്ക് കടപ്പെട്ടിരിക്കുന്നതിനാൽ നീ എനിക്ക് ഒരു ഒനേസിമൊസാണ്—അതുകൊണ്ട് നീ എനിക്ക് പ്രയോജനമുള്ളവനായിരിക്കണം; അതായത്, നിന്നിൽ നിന്ന് എനിക്ക് കർത്താവിൽ പ്രയോജനമുണ്ടായിരിക്കുവാൻ എന്നെ അനുവദിക്കണം" എന്ന് ഇത് സൂചിപ്പിക്കുന്നു.

**20[2]** അക്ഷരാർഥത്തിൽ, വാ. 7-ലേത് പോലെ, ഉദരഭാഗങ്ങൾ. ഫിലേമൊൻ വിശുദ്ധന്മാരുടെ അന്തർഭാഗങ്ങളെ ഉന്മേഷമുള്ളതാക്കിയതിനാൽ, കർത്താവിൽ തനിക്കുവേണ്ടിയും അതുതന്നെ ചെയ്യുവാൻ അവന്റെ കൂട്ടാളി ഇപ്പോൾ അവനോട് ആവശ്യപ്പെട്ടു.

**20[3]** സാന്ത്വനിപ്പിക്കുക, ഉൽസാഹം പകരുക.

**22[1]** തന്റെ സന്ദർശനം സഭകൾക്ക് കൃപാപൂർണമായ ഒരു ഉപഹാരമായിരിക്കുമെന്ന് പൗലൊസ് ചിന്തിച്ചു.

**22[2]** തന്റെ തടവുശിക്ഷയിൽ നിന്ന് താൻ മോചിപ്പിക്കപ്പെടുമെന്നും, സഭകളെ വീണ്ടും സന്ദർശിക്കുമെന്നുമുള്ള ഈ പ്രതീക്ഷ, ഫിലി. 1:25, 2:24 എന്നിവയിൽ പ്രകടിപ്പിച്ചിരിക്കുന്നു.

**23[1]** *എപ്പഫ്രൊദിത്തൊസ്* എന്നതിന്റെ ഹ്രസ്വരൂപം (ഫിലി. 2:25; 4:18).

## ഫിലേമൊന് എഴുതിയ ലേഖനത്തിൽ നിന്നും ഒരു ചെറിയ ഭാഗം



**25** കർത്താവായ യേശു ക്രിസ്തുവിന്റെ [1a]കൃപ നിങ്ങളുടെ [2b]ആത്മാവോടു കൂടെയിരിക്കട്ടെ[3].

25a ഗലാ. 6:18; ഫിലി. 4:23
25b 2 തിമൊ. 4:22

---

**25[1]** അപ്പൊസ്തലൻ എപ്പോഴും തന്റെ ലേഖനങ്ങളുടെ ആരംഭത്തിലും ഉപസംഹാരത്തിലും, സ്വീകർത്താക്കളെ കർത്താവിന്റെ കൃപയാൽ വന്ദനം ചെയ്യു. അവൻ കർത്താവിന്റെ കൃപയിൽ ആശ്രയിച്ചു എന്ന് ഇത് കാണിക്കുന്നു. താൻ അവർക്കെഴുതിയ കാര്യങ്ങളെ നിവർത്തിക്കുവാൻ ഈ കൃപ അവരെയും തന്നെയും പ്രാപ്തരാക്കും എന്ന് അവന് നിശ്ചയമുണ്ടായിരുന്നു (1 കൊരി. 15:10). അപ്പൊസ്തലനായ പൗലൊസിന്റെ പൂർത്തീകരിക്കുന്ന വെളിപാട് പോലെ ഉന്നതമായ ഒരു വെളിപാട് നിവർത്തിക്കുവാൻ ഒരു മാനുഷിക പരിശ്രമവും ഉപകരിക്കുകയില്ല—ഇതിന് കർത്താവിന്റെ കൃപ ആവശ്യമാണ്.

**25[2]** ഗലാത്യർ 6-ൽ കുറിപ്പ് 18[3] കാണുക.

**25[3]** ചില പ്രാചീന കൈയെഴുത്തുപ്രതികളിൽ, ആമേൻ എന്നത്, കൂട്ടിച്ചേർത്തിരിക്കുന്നു.

## അടിക്കുറിപ്പുകൾ

പ്രത്യുദ്ധാര ഭാഷ്യത്തിൽ, സത്യത്തിന്റെ വെളിപാടിനും ആത്മിക വെളിച്ചത്തിനും ജീവ സഹായത്തിനും ഊന്നൽ നൽകുന്ന 9,000 വിപുലമായ അടിക്കുറിപ്പുകൾ അടങ്ങിയിരിക്കുന്നു.

നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ, നമ്മുടെ പാപങ്ങൾ ക്ഷമിച്ച്, സകല അനീതിയിൽ നിന്നും നമ്മെ ശുദ്ധീകരിക്കുവാൻ അവൻ 4വിശ്വസ്തനും നീതിമാനും ആകുന്നു. (1 യോഹ. 1:9)

9[4] ദൈവം തന്റെ വചനത്തിൽ വിശ്വസ്തനും (വാ. 10), തന്റെ പുത്രനായ യേശുവിന്റെ രക്തത്തിൽ നീതിമാനുമാണ് (വാ. 7). അവന്റെ വചനം, ക്രിസ്തു നിമിത്തം അവൻ നമ്മുടെ പാപങ്ങൾ ക്ഷമിക്കും (പ്രവൃ. 10:43) എന്ന് നമ്മോട് പറയുന്ന അവന്റെ സുവിശേഷം എന്ന സത്യവചനമാണ് (എഫെ. 1:13); അവൻ നമ്മുടെ പാപങ്ങൾ ക്ഷമിക്കേണ്ടതിന്, ക്രിസ്തുവിന്റെ രക്തം അവന്റെ നീതിപരമായ ആവശ്യകതകളെ നിറവേറ്റിയിരിക്കുന്നു (മത്താ. 26:28). നാം നമ്മുടെ പാപങ്ങളെ ഏറ്റുപറഞ്ഞാൽ, അവൻ, തന്റെ വചനത്തിനൊത്തവണ്ണവും, യേശുവിന്റെ രക്തത്തിലൂടെയുള്ള വീണ്ടെടുപ്പിനെ അടിസ്ഥാനമാക്കിയും നമ്മോട് ക്ഷമിക്കുന്നു. കാരണം, അവൻ തന്റെ വചനത്തിൽ വിശ്വസ്തനും, യേശുവിന്റെ രക്തത്തിൽ നീതിമാനും ആയിരിക്കേണ്ടതുണ്ട്. അല്ലാത്തപക്ഷം, അവൻ അവിശ്വസ്തനും നീതികെട്ടവനും ആയിരിക്കും. അവൻ ക്ഷമിക്കേണ്ടതിന് നമ്മുടെ ഏറ്റുപറച്ചിൽ ആവശ്യമാണ്. ദൈവത്തോടുള്ള നമ്മുടെ കൂട്ടായ്മ പുനഃസ്ഥാപിക്കുവാൻ വേണ്ടിയുള്ള, അവന്റെ ഇത്തരം ക്ഷമ, ഉപാധികളോടെയുള്ളതാണ്; അത് നമ്മുടെ ഏറ്റുപറച്ചിലിനെ ആശ്രയിച്ചിരിക്കുന്നു.

“ദൈവം തന്നെ 1സ്നേഹിക്കുന്നവർക്ക് ഒരുക്കിയിരിക്കുന്ന കാര്യങ്ങൾ കണ്ണ് കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, മനുഷ്യന്റെ ഹൃദയത്തിൽ ഉയർന്നുവന്നിട്ടുമില്ല” എന്ന് എഴുതിയിരിക്കുന്നതുപോലെ തന്നെ. (1 കൊരി. 2:9)

9[1] ദൈവം നമുക്കുവേണ്ടി നിയോഗിച്ചിരിക്കുന്നതും ഒരുക്കിയിരിക്കുന്നതുമായ ആഴമുള്ളതും മറഞ്ഞിരിക്കുന്നതുമായ കാര്യങ്ങളെ അനുഭവിച്ചറിയേണ്ടതിനും, അവയിൽ പങ്കുചേരേണ്ടതിനും നാം അവനിൽ വിശ്വസിക്കുക മാത്രമല്ല, അവനെ സ്നേഹിക്കുകയും വേണം. ദൈവത്തെ ഭയക്കുന്നതും, ദൈവത്തെ ആരാധിക്കുന്നതും, ദൈവത്തിൽ വിശ്വസിക്കുന്നതും (അതായത്, ദൈവത്തെ സ്വീകരിക്കുന്നതും), എല്ലാം അപര്യാപ്തമാണ്; അവനെ സ്നേഹിക്കുന്നതാണ് ഒഴിച്ചുകൂടാനാവാത്ത ആവശ്യകത. ദൈവത്തെ സ്നേഹിക്കുക എന്നതിന്റെ അർഥം, നമ്മുടെ ആളത്തത്തെ മുഴുവൻ—ആത്മാവ്, ദേഹി, ശരീരം, (ഹൃദയത്തോടും ദേഹിയോടും മനസ്സോടും ശക്തിയോടും കൂടെ, മർക്കൊ. 12:30)—സമ്പൂർണമായി അവനിൽ ഉറപ്പിക്കുക, അതായത്, അവൻ നമുക്ക് സർവവും ആയിത്തീരേണ്ടതിനും, നാം നമ്മുടെ ദൈനംദിന ജീവിതത്തിൽ പ്രായോഗികമായി അവനോട് ഒന്നായിരിക്കേണ്ടതിനും, നമ്മുടെ ആളത്തം മുഴുവനും, അവൻ സ്വന്തമാക്കുവാനും, അവനിൽ വ്യാപൃതമാകുവാനും അനുവദിക്കുക എന്നതാണ്. ഈ വിധത്തിൽ നമുക്ക് ദൈവത്തോട് ഏറ്റവും അടുത്തതും ഉറ്റതുമായ കൂട്ടായ്മ ഉണ്ടായിരിക്കുകയും, നമുക്ക് അവന്റെ ഹൃദയത്തിലേക്ക് പ്രവേശിച്ച്, അതിന്റെ സകല രഹസ്യങ്ങളെയും ഗ്രഹിക്കുവാൻ സാധിക്കുകയും ചെയ്യുന്നു (സങ്കീ. 73:25; 25:14). അങ്ങനെ, നാം ദൈവത്തിന്റെ ആഴമുള്ളതും മറഞ്ഞിരിക്കുന്നതുമായ ഈ കാര്യങ്ങളെ മനസ്സിലാക്കുക മാത്രമല്ല, അവയെ അനുഭവിക്കുകയും ആസ്വദിക്കുകയും അവയിൽ പങ്കുചേരുകയും ചെയ്യുന്നു.

## ക്രോസ് റെഫറൻസുകൾ

പ്രത്യുദ്ധാര ഭാഷ്യത്തിൽ, 13,000-ത്തിലധികം ക്രോസ് റഫറൻസുകൾ അടങ്ങിയിരിക്കുന്നു. മറ്റ് പഠനസഹായ വേദപുസ്തകങ്ങളിലുള്ള ക്രോസ് റഫറൻസുകൾ ചെയ്യുന്നതുപോലെ, സമാനമായ പ്രയോഗങ്ങളിലേക്കും, ചരിത്രത്തിലെയും ഭൂമിശാസ്ത്രത്തിലെയും വസ്തുതകളിലേക്കും മാത്രമല്ല, ഒരേ ആത്മിക സത്യങ്ങളോടും ദിവ്യ വെളിപാടുകളോടും ബന്ധപ്പെട്ട തിരുവെഴുത്തുകളിലെ മറ്റ് ഭാഗങ്ങളിലേക്കും ഇവ വായനക്കാരനെ നയിക്കുന്നു.

ഗലാത്യർ 1:18–2:1 808

18[a] യോഹ. 1:42; ഗലാ. 2:9, 11, 14; 1 കൊരി. 1:12
18[b] പ്രവൃ. 9:26, 28; 22:17
19[a] ഗലാ. 2:9, 12; മത്താ. 13:55; പ്രവൃ. 12:17; 15:13; 21:18; 1 കൊരി. 15:7; യാക്കോ. 1:1
20[a] റോമ. 9:1; 1 തിമൊ. 2:7
21[a] പ്രവൃ. 15:23, 41
21[b] പ്രവൃ. 6:9; 21:39; 22:3; 23:34; 27:5
22[a] 1 കൊരി. 1:2
22[b] 1 തെസ്സ. 2:14; പ്രവൃ. 9:31
23[a] ഗലാ. 1:13
23[b] ഗലാ. 1:13

18 പിന്നെ മൂന്നു വർഷങ്ങൾക്കു ശേഷം ഞാൻ [a]കേഫാവിനെ [1]സന്ദർശിക്കുവാൻ [b]യെരൂശലേമിലേക്ക് കയറിപ്പോയി, പതിനഞ്ചു നാൾ അവനോടുകൂടെ തങ്ങി.
19 എന്നാൽ ഞാൻ കർത്താവിന്റെ സഹോദരനായ [a]യാക്കോബിനെ [1]അല്ലാതെ അപ്പൊസ്തലന്മാരിൽ വേറെ ആരെയും കണ്ടില്ല.
20 ഞാൻ നിങ്ങൾക്ക് എഴുതുന്ന കാര്യങ്ങളെക്കുറിച്ച്, ഇതാ ദൈവമുമ്പാകെ ഞാൻ കളവ് [a]പറയുകയല്ല.
21 പിന്നെ [1a]സുറിയ, [b]കിലിക്യ എന്നീ പ്രദേശങ്ങളിലേക്ക് ഞാൻ പോയി.
22 എങ്കിലും അപ്പോഴും ഞാൻ [a]ക്രിസ്തുവിലുള്ള യെഹൂദ്യയിലെ [b]സഭകൾക്ക് മുഖപരിചയം [1]ഇല്ലാത്തവനായിരുന്നു.
23 എന്നാൽ അവർ ഇതു [1]മാത്രം കേട്ടു: മുമ്പ് നമ്മെ [a]ഉപദ്രവിച്ചുകൊണ്ടിരുന്നവൻ, താൻ മുമ്പ് [b]സംഹരിച്ച [2c]**വിശ്വാസത്തെ** ഇപ്പോൾ സുവിശേഷമായി അറിയിക്കുന്നു.
24 ഞാൻ നിമിത്തം അവർ ദൈവത്തെ [a]മഹത്വപ്പെടുത്തി.

### അധ്യായം 2

1 പിന്നെ പതിനാലു വർഷത്തെ [1]കാലയളവിനുശേഷം, [a]ബർന്നബാസിനോടൊപ്പം, [b]തീത്തൊസിനെയും കൂട്ടി, ഞാൻ വീണ്ടും യെരൂശലേമിലേക്ക് [c]കയറിപ്പോയി.

---

വെളിപാട് അവൻ കർത്താവിൽ നിന്ന് നേരിട്ട് പ്രാപിച്ചിരുന്നിരിക്കണം.

18[1] പരിചയപ്പെടുവാനായി സന്ദർശിക്കുക എന്നാണ് യവനപദത്തിന്റെ ധ്വനി.

19[1] കർത്താവിന്റെ സഹോദരനായ യാക്കോബും, പത്രൊസായിരുന്ന കേഫാവും (വാ. 18) ആ കാലത്ത് അപ്പൊസ്തലന്മാരുടെ ഇടയിൽ നേതൃത്വമെടുക്കുന്നവരായിരുന്നു എന്ന് ഇത് സൂചിപ്പിക്കുന്നു.

21[1] അറബിദേശം (വാ. 17), സുറിയ, കിലിക്യ എന്നിവയെല്ലാം ജാതീയ ലോകത്തിലെ പ്രദേശങ്ങളായിരുന്നു. ഈ സ്ഥലങ്ങളിലേക്കെല്ലാമുള്ള തന്റെ യാത്രകളെ പരാമർശിച്ചതിലൂടെ, സുവിശേഷത്തെ സംബന്ധിച്ച് താൻ പ്രാപിച്ച വെളിപാട് ഏതെങ്കിലും മനുഷ്യരിൽ നിന്നായിരുന്നില്ല, അതായത്, ഏതെങ്കിലും ക്രിസ്ത്യാനികളിൽ (ആ കാലത്ത്, ക്രിസ്ത്യാനികൾ പ്രധാനമായും യെഹൂദ്യയിൽ ആയിരുന്നു) നിന്നായിരുന്നില്ല (വാ. 22), എന്ന് പൗലൊസ് സാക്ഷ്യപ്പെടുത്തി.

22[1] തനിക്ക് മുമ്പേ ക്രിസ്തുവിൽ വിശ്വാസികളായിരുന്ന ആരിൽ നിന്നുമല്ല താൻ സുവിശേഷം പ്രാപിച്ചത് എന്നുള്ള വസ്തുത ദൃഢീകരിക്കുവാനായാണ് പൗലൊസ് ഇത് പറഞ്ഞത്.

23[1] യെഹൂദ്യയിലെ, ക്രിസ്തുവിലുള്ള സകല വിശ്വാസികളും ഉൾപ്പെട്ട സഭകൾ, പൗലൊസിന്റെ പരിവർത്തനത്തെക്കുറിച്ചുള്ള വാർത്ത കേൾക്കുകയും, അവൻ നിമിത്തം ദൈവത്തെ മഹത്വപ്പെടുത്തുകയും മാത്രം ചെയ്തു. സുവിശേഷത്തെ സംബന്ധിച്ച വെളിപാട് അവൻ പ്രാപിച്ചതുമായി അവർക്ക് യാതൊരു ബന്ധവുമില്ലായിരുന്നു.

**23[2] ഇവിടെയും, അവലംബം 23[c]-ലെ എല്ലാ വാക്യങ്ങളിലും പരാമർശിച്ചിരിക്കുന്ന വിശ്വാസം, ക്രിസ്തു എന്ന വ്യക്തിയെയും അവന്റെ വീണ്ടെടുപ്പിൻ വേലയെയും നമ്മുടെ വിശ്വാസത്തിന്റെ വസ്തുവായി എടുത്തുകൊണ്ട് നാം ക്രിസ്തുവിൽ വിശ്വസിക്കുന്നതിനെ സൂചിപ്പിക്കുന്നു. പഴയനിയമത്തിൽ ദൈവം ജനത്തോട് ഇടപെടുവാൻ ഉപയോഗിച്ച ന്യായപ്രമാണത്തിന് പകരമായിത്തീർന്ന വിശ്വാസം, പുതിയനിയമത്തിൽ ദൈവം ജനത്തോട് ഇടപെടുവാൻ ഉപയോഗിക്കുന്ന തത്ത്വമായിത്തീർന്നു. ഈ വിശ്വാസം, ക്രിസ്തുവിലുള്ള വിശ്വാസികളുടെ സവിശേഷതയാണ്. ന്യായപ്രമാണ പാലകരിൽ നിന്ന് ഇത് അവരെ വേർതിരിക്കുന്നു. ഇതാണ് ഈ പുസ്തകത്തിന്റെ പ്രധാന ഊന്നൽ. പഴയനിയമ ന്യായപ്രമാണം അക്ഷരങ്ങൾക്കും ചട്ടങ്ങൾക്കും ഊന്നൽനൽകുന്നു, എന്നാൽ, പുതിയനിയമ വിശ്വാസം ആത്മാവിനും ജീവനും ഊന്നൽനൽകുന്നു.**

1[1] പ്രവൃത്തികൾ 15-ൽ രേഖപ്പെടുത്തിയിരിക്കുന്നത് പോലെ, പൗലൊസിന്റെ

---

**23[c] ഗലാ. 3:2, 5,7, 9, 23, 25; 6:10; പ്രവൃ. 6:7; 13:8; 14:22; റോമ. 16:25; 1 കൊരി. 16:13; എഫെ. 4:12; 1 തിമൊ. 1:19b; 3:9, 13; 4:1, 6; 5:8; 6:10, 12, 21; 2 തിമൊ. 3:8; 4:7; തീത്തൊ. 1:14; യൂദാ 3, 20; വെളി. 14:12** 24[a] മത്താ. 9:8; പ്രവൃ. 21:19-20
1[a] ഗലാ. 2:9, 13; പ്രവൃ. 4:36; 9:27; 11:22, 24-26, 30; 12:25; 13:1, 7; 14:20; 15:12, 22; 1 കൊരി. 9:6 1[b] 2 കൊരി. 2:13; തീത്തൊ. 1:4 1[c] പ്രവൃ. 15:2

ഉദാഹരണത്തിന്, ഗലാത്യർ 1:23-ൽ വിശ്വാസം എന്ന വാക്കിന്റെ ക്രോസ്സ് റഫറൻസ് b, വസ്തുനിഷ്ഠ അർത്ഥത്തിലുള്ള വിശ്വാസത്തെ, അതായത്, പുതിയനിയമ വെളിപാടിൻപ്രകാരമുള്ള സമ്പൂർണ്ണ സുവിശേഷത്തിന്റെ ഉള്ളടക്കമായ വിശ്വാസത്തെ സംബന്ധിച്ച മറ്റ് പുതിയനിയമ വാക്യങ്ങളോട് ഈ വാക്യത്തെ ബന്ധിപ്പിക്കുന്നു.

ഗലാത്യർ 1-ലെ ക്രോസ്സ് റഫറൻസ് 23b-ൽ പരാമർശിച്ചിരിക്കുന്ന വാക്യങ്ങൾ താഴെപ്പറയുന്നവയാണ്:

ഗലാ. 3:2 ഇതു മാത്രം നിങ്ങളിൽനിന്ന് അറിയുവാൻ ഞാൻ ഇച്ഛിക്കുന്നു, ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാലോ വിശ്വാസത്തിന്റെ കേൾവിയാലോ നിങ്ങൾക്ക് ആത്മാവിനെ ലഭിച്ചത്?

ഗലാ. 3:5 അതുകൊണ്ട് നിങ്ങൾക്ക് ആത്മാവിനെ ധാരാളമായി പ്രദാനം ചെയ്തുകൊണ്ട് നിങ്ങളുടെ ഇടയിൽ വീര്യപ്രവൃത്തികൾ ചെയ്യുന്നവൻ, ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാലോ വിശ്വാസത്തിന്റെ കേൾവിയാലോ അത് ചെയ്യുന്നത്?

ഗലാ. 3:7 അങ്ങനെ വിശ്വാസത്താലുള്ളവരാകുന്നു അബ്രാഹാമിന്റെ പുത്രന്മാർ എന്ന് അറിഞ്ഞുകൊള്ളുവിൻ.

ഗലാ. 3:9 അങ്ങനെ വിശ്വാസത്താലുള്ളവർ, വിശ്വാസിയായ അബ്രാഹാമിനോടുകൂടെ അനുഗ്രഹിക്കപ്പെട്ടവരാകുന്നു.

ഗലാ. 3:23 എന്നാൽ വിശ്വാസം വരുന്നതിനുമുമ്പ്, വെളിപ്പെടുവാനിരുന്ന വിശ്വാസത്തിങ്കലേക്ക് നമ്മെ ന്യായപ്രമാണത്തിൻകീഴിൽ അടച്ച് സൂക്ഷിച്ചിരുന്നു.

ഗലാ. 3:25 എന്നാൽ വിശ്വാസം വന്നതിനാൽ നാം ഇനി ശിശുപാലകന് കീഴിൽ അല്ല.

ഗലാ. 6:10 അതുകൊണ്ട് അവസരം ഉള്ളതുപോലെ നാം എല്ലാവർക്കും, വിശേഷാൽ വിശ്വാസത്തിന്റെ ഭവനക്കാർക്ക് നന്മ ചെയ്യുക.

പ്രവൃ. 6:7 ദൈവവചനം വളർന്നു, യെരൂശലേമിൽ ശിഷ്യന്മാരുടെ സംഖ്യ അധികമായി പെരുകി; പുരോഹിതന്മാരുടെ വലിയൊരു സംഖ്യ വിശ്വാസം അനുസരിച്ചു.

പ്രവൃ. 13:8 എന്നാൽ മാന്ത്രികനായ എലീമാസ് (അങ്ങനെയാകുന്നു അവന്റെ പേര് മൊഴിമാറ്റം ചെയ്തിരിക്കുന്നത്), ദേശാധിപതിയെ വിശ്വാസത്തിൽനിന്ന് തിരിച്ചുകളയുവാൻ അന്വേഷിച്ചുകൊണ്ട് അവരെ എതിർത്തു.

പ്രവൃ. 14:22 വിശ്വാസത്തിൽ തുടരുവാൻ പ്രബോധിപ്പിച്ചും അനേകം കഷ്ടങ്ങളിലൂടെ നാം ദൈവരാജ്യത്തിലേക്ക് പ്രവേശിക്കണം എന്നും പറഞ്ഞുകൊണ്ട് ശിഷ്യന്മാരുടെ ദേഹികളെ ഉറപ്പിച്ചുപോന്നു.

റോമ. 16:25 യുഗങ്ങളുടെ കാലങ്ങളിൽ നിശബ്ദമാക്കപ്പെട്ടിരുന്ന, എന്നാൽ ഇപ്പോൾ വെളിവാക്കപ്പെട്ട, നിത്യ ദൈവത്തിന്റെ കൽപനപ്രകാരം, പ്രവാചക എഴുത്തുകളിലൂടെ, വിശ്വാസത്തിന്റെ അനുസരണത്തിനായി സകല ജാതികൾക്കും അറിവായിരിക്കുന്ന,

1 കൊരി. 16:13 ഉണർന്നിരിക്കുവിൻ, വിശ്വാസത്തിൽ ഉറച്ചുനിൽക്കുവിൻ, പൂർണ്ണ വളർച്ചയുള്ള പുരുഷന്മാരാകുവിൻ, ശക്തരാകുവിൻ.

എഫെ. 4:13 അത് നാം എല്ലാവരും വിശ്വാസത്തിന്റെയും ദൈവപുത്രനെക്കുറിച്ചുള്ള പൂർണ്ണ പരിജ്ഞാനത്തിന്റെയും ഒരുമയിലേക്ക്, പൂർണ്ണവളർച്ച പ്രാപിച്ച മനുഷ്യനിലേക്ക്, ക്രിസ്തുവിന്റെ നിറവിന്റെ വലിപ്പത്തിന്റെ അളവിലേക്ക് എത്തിച്ചേരുവോളം,

1 തിമൊ. 1:19 വിശ്വാസവും നല്ല മനസ്സാക്ഷിയും പിടിച്ചുകൊള്ളുക, ചിലർ ഇവയെ തള്ളിക്കളഞ്ഞ്, വിശ്വാസം സംബന്ധിച്ച് കപ്പൽച്ചേതം സംഭവിച്ചവരായിത്തീർന്നു;

1 തിമൊ. 3:9 വിശ്വാസത്തിന്റെ മർമ്മം ശുദ്ധമനസ്സാക്ഷിയിൽ പിടിച്ചുകൊള്ളുന്നവർ ആയിരിക്കണം.

1 തിമൊ. 3:13 എന്തെന്നാൽ നന്നായി ശുശ്രൂഷിച്ചവർ തങ്ങൾക്കു തന്നെ നല്ല നിൽപ്പും ക്രിസ്തു യേശുവിലുള്ള വിശ്വാസത്തിൽ അധികം ഉറപ്പും പ്രാപിക്കുന്നു.

1 തിമൊ. 4:1 എന്നാൽ ആത്മാവ് സ്പഷ്ടമായി പറയുന്നു, വരുംകാലങ്ങളിൽ ചിലർ വഞ്ചിക്കുന്ന ആത്മാക്കൾക്കും ഭൂതങ്ങളുടെ ഉപദേശങ്ങൾക്കും ശ്രദ്ധകൊടുത്തുകൊണ്ട് വിശ്വാസത്തിൽ നിന്ന് പിൻവാങ്ങും,

1 തിമൊ. 4:6 ഈ കാര്യങ്ങളെ നീ സഹോദരന്മാരുടെ മുമ്പാകെ വച്ചാൽ, വിശ്വാസത്തിന്റെയും നീ സൂക്ഷ്മമായി പിൻപറ്റിയ സദുപദേശത്തിന്റെയും വചനങ്ങളാൽ പോഷിപ്പിക്കപ്പെട്ടുകൊണ്ട്, നീ ക്രിസ്തു യേശുവിന്റെ നല്ല ശുശ്രൂഷകനാകും.

1 തിമൊ. 5:8 എന്നാൽ ഒരുവൻ തന്റെ സ്വന്തക്കാർക്ക്, വിശേഷാൽ തന്റെ സ്വന്തഭവനക്കാർക്കു വേണ്ടി കരുതുന്നില്ലെങ്കിൽ, അവൻ വിശ്വാസം ത്യജിച്ച്, അവിശ്വാസിയെക്കാൾ വഷളായിരിക്കുന്നു.

1 തിമൊ. 6:10 എന്തെന്നാൽ ദ്രവ്യാഗ്രഹം സകല തിന്മകളുടെയും ഒരു വേരാകുന്നു, അതിനാൽ ചിലർ, പണത്തിനു പിന്നാലെ കാംക്ഷിച്ചുകൊണ്ട്, വിശ്വാസത്തിൽനിന്നു വ്യതിചലിപ്പിക്കപ്പെടുകയും നിരവധി വേദനകൾ കൊണ്ട് തങ്ങളെത്തന്നെ തുളച്ചുകയറ്റുകയും ചെയ്തു.

1 തിമൊ. 6:12 വിശ്വാസത്തിന്റെ നല്ല പോർ പൊരുതുക; നിത്യജീവനെ മുറുകെപ്പിടിക്കുക, അതിലേക്കു നിന്നെ വിളിക്കുകയും അനേകം സാക്ഷികളുടെ മുമ്പാകെ നല്ല ഏറ്റുപറയൽ ലഭിക്കുകയും ചെയ്തുവല്ലോ.

1 തിമൊ. 6:21 ഇതു നിമിത്തം ചിലർ, ഇത് പരസ്യമായി പ്രഖ്യാപിച്ചുകൊണ്ട്, വിശ്വാസം സംബന്ധിച്ച്, ലക്ഷ്യം തെറ്റിപ്പോയിരിക്കുന്നു.

2 തിമൊ. 3:8 യന്നേസും യംബ്രേസും മോശെയെ എതിർത്തതുപോലെ, ഇവരും സത്യത്തെ എതിർക്കുന്നു; ഇവർ മനസ്സിൽ ദുഷിക്കപ്പെട്ട മനുഷ്യർ, വിശ്വാസം സംബന്ധിച്ച് നിരാകരിക്കപ്പെട്ടവർ.

2 തിമൊ. 4:7 ഞാൻ നല്ല പോർ പൊരുതി; ഓട്ടം തികച്ചു; വിശ്വാസം കാത്തു.

തീത്തൊ. 1:14 വിശ്വാസത്തിൽ ആരോഗ്യമുള്ളവരായിരിക്കേണ്ടതിന് അവരെ കഠിനമായി ശാസിക്കുക.

യൂദാ 3 പ്രിയരേ, നമ്മുടെ പൊതുരക്ഷയെ സംബന്ധിച്ച് നിങ്ങൾക്ക് എഴുതുവാൻ സകല ശുഷ്കാന്തിയും ഉപയോഗിക്കുമ്പോൾ, വിശുദ്ധന്മാർക്ക് ഒരിക്കലായി ഏൽപ്പിച്ചിരിക്കുന്ന വിശ്വാസത്തിനു വേണ്ടി ആത്മാർഥമായി പോരാടുവാൻ നിങ്ങളെ എഴുതി പ്രബോധിപ്പിക്കുന്നത് ആവശ്യം എന്ന് എനിക്കു തോന്നി.

യൂദാ 20 എന്നാൽ പ്രിയരേ, നിങ്ങളുടെ അതിവിശുദ്ധ വിശ്വാസത്തിന്മേൽ നിങ്ങളെത്തന്നെ പണിതും, പരിശുദ്ധാത്മാവിൽ പ്രാർഥിച്ചുംകൊണ്ട്,

വെളി. 14:12 ഇവിടെയാകുന്നു ദൈവത്തിന്റെ കൽപനകളും യേശുവിന്റെ വിശ്വാസവും കാക്കുന്ന വിശുദ്ധന്മാരുടെ സഹിഷ്ണുത ആവശ്യമായത്.


പുതിയനിയമത്തിന്റെ പ്രത്യുദ്ധാര ഭാഷ്യത്തിന്റെ ബോണ്ടഡ് ലെതർ പതിപ്പുകളിൽ, സുപ്രധാന സത്യങ്ങളെക്കുറിച്ചുള്ള ചാർട്ടുകളും, പുതിയനിയമത്തിലെ സ്ഥലങ്ങളെക്കുറിച്ചുള്ള വർണ്ണ ഭൂപടങ്ങളും അടങ്ങിയിരിക്കുന്നു.




പുതിയനിയമ കാലത്തെ പലസ്തീൻ ദേശം





പൗലൊസിന്റെ യാത്രകൾ




എഫെസ്യർ 3:10-ൽ അപ്പൊസ്തലനായ പൗലൊസ് ദൈവത്തിന്റെ വ്യവസ്ഥയെക്കുറിച്ച് (ഒയ്ക്കൊനോമിയ എന്ന യവനപദത്തിൽ നിന്നുള്ളത്), അതായത്, തന്റെ നിത്യോദ്ദേശ്യം നിവർത്തിക്കുന്നതിനായുള്ള ദൈവത്തിന്റെ പദ്ധതിയെക്കുറിച്ച് സംസാരിക്കുന്നു. ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുടെ ഉള്ളടക്കം ത്രിയേക ദൈവമാകുന്ന വ്യക്തിയെ കേന്ദ്രീകരിച്ചിരിക്കുന്നു. ത്രിയേക ദൈവം എന്ന നിലയിൽ – പിതാവ്, പുത്രൻ, ആത്മാവ് – ദൈവം തിരഞ്ഞെടുത്ത സകല ജനത്തിലേക്കും അവനെത്തന്നെ പകരുവാനുള്ള അവന്റെ പദ്ധതിയാണ് ദൈവത്തിന്റെ വ്യവസ്ഥ. വിശ്വാസികൾ തന്നെ സ്വീകരിച്ച് ആസ്വദിക്കേണ്ടതിന് ഒരു അത്ഭുതകരമായ പ്രക്രിയയിലൂടെ കടന്നുപോയ ത്രിയേക ദൈവത്തിന്റെ ഈ വ്യവസ്ഥയെക്കുറിച്ചുള്ള സമ്പൂർണ്ണ വെളിപാടാണ് പുതിയനിയമത്തിലെ ഇരുപത്തിയേഴ് പുസ്തകങ്ങളും. പുതിയനിയമത്തിലെ മൂന്ന് പ്രധാന ഭാഗങ്ങളിൽ — സുവിശേഷങ്ങൾ, പ്രവൃത്തികൾ മുതൽ യൂദാ വരെ, വെളിപ്പാട് — തന്റെ വ്യവസ്ഥ നിവർത്തിക്കുന്നതിനായുള്ള നമ്മുടെ ത്രിയേക ദൈവത്തിന്റെ പ്രവർത്തനങ്ങളെ ഊന്നിപ്പറയുന്ന ഒരു വർണ്ണ ചാർട്ട് പുതിയനിയമത്തിന്റെ പ്രത്യുദ്ധാര ഭാഷ്യത്തിൽ അടങ്ങിയിരിക്കുന്നു.

ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുടെ ചാർട്ട്

എഴുപത് ആഴ്ച്ചവട്ടത്തിന്റെയും വിശുദ്ധന്മാരുടെ ഉൾപ്രാപണത്തോടുകൂടെ ക്രിസ്തുവിന്റെ വരവിന്റെയും ചാർട്ട്.




# NEW TESTAMENT
## *Recovery Version*

### പുതിയനിയമ പ്രത്യുദ്ധാര ഭാഷ്യം

വാക്യങ്ങളോടുകൂടെ ഉൾച്ചേർത്ത രൂപരേഖകൾ, അടിക്കുറിപ്പുകൾ, ക്രോസ് റെഫറൻസുകൾ എന്നിവ വലിയ അക്ഷരത്തിൽ

6.25" x 9.25" (HARDBOUND) - 6.25" x 9.25" (ഹർഡ് ബൗണ്ഡ്)


മീസോ
തമിഴ്
മലയാളം
തെലുങ്ക്
ഭാഷകളിൽ ലഭ്യം




മനുഷ്യർക്കിടയിൽ തന്റെ വ്യവസ്ഥയെ സംബന്ധിച്ച അനേകം സത്യങ്ങൾ കർത്താവ് നൂറ്റാണ്ടുകളിൽ ഉടനീളം പ്രത്യുദ്ധരിച്ചിട്ടുണ്ട്. പ്രത്യേകിച്ച് മാർട്ടിൻ ലൂഥറിന്റെ കാലം മുതൽ, ഈ പ്രത്യുദ്ധാരം സുസ്ഥിരവും പുരോഗമനോന്മുഖവുമാണ്. മാർട്ടിൻ ലൂഥറിന്റെ കാലത്ത് പ്രത്യുദ്ധരിക്കപ്പെട്ട, വിശ്വാസത്താലുള്ള നീതീകരണം മുതൽ, ഇന്ന് അനേകം ക്രിസ്ത്യാനികൾ കാണുകയും ആസ്വദിക്കുകയും ചെയ്യുന്ന, ക്രിസ്തുവിന്റെ ശരീരമായ സഭയുടെ സത്യവും അനുഭവവും വരെ, ഈ പ്രത്യുദ്ധാരം കാലാകാലങ്ങളിൽ സഭയെ ബന്ധിപ്പിക്കുന്ന "സ്വർണ്ണ നൂൽ" ആകുന്നു. പ്രത്യുദ്ധരിക്കപ്പെട്ട ഈ സത്യങ്ങൾ ഓരേ വിശ്വാസിയുടെയും പൈതൃകമാണ്, ഇന്ന് ഓരേ വിശ്വാസിയും അവയെ മുറുകെപ്പിടിക്കുകയും ആസ്വദിക്കുകയും ചെയ്യണം.

ക്രിസ്തീയ ജീവിതത്തിലെ സത്യത്തെയും അനുഭവത്തെയും കുറിച്ചുള്ള, കർത്താവ് പ്രത്യുദ്ധരിച്ച ഈ കാര്യങ്ങളെയെല്ലാം, പുതിയനിയമത്തിന്റെ പ്രത്യുദ്ധാര ഭാഷ്യം ഒരു പുസ്തകത്തിൽ ഒരുമിച്ച് കൊണ്ടുവരുന്നു. കർത്താവിനെ യഥാർഥമായി അന്വേഷിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ഒരുവന് കർത്താവ് പ്രത്യുദ്ധരിച്ച സത്യത്തിന്റെ ഈ സംക്ഷിപ്തരൂപം ഇല്ലാതിരിക്കരുത്.

കൂടുതൽ വിവരങ്ങൾക്ക്
www.recoveryversion.org
വിൽപ്പനയ്ക്ക്
www.amanaliterature.in



## ലിവിംഗ് സ്ട്രീം മിനിസ്ട്രിയെക്കുറിച്ച്

ലിവിംഗ് സ്ട്രീം മിനിസ്ട്രി, പ്രധാനമായും, വാച്ച്മാൻ നീയുടെയും വിറ്റ്നസ്സ് ലീയുടെയും ശുശ്രൂഷ പ്രസിദ്ധീകരിക്കുന്നതിന് നിയോഗിക്കപ്പെട്ട ലാഭേച്ഛയില്ലാത്ത ഒരു സ്ഥാപനമാണ്. നമ്മുടെ കർത്താവായ യേശു ക്രിസ്തുവിന്റെ ഈ രണ്ട് സേവകർ, കർത്താവ് സഭയ്ക്ക് നൽകിയ ശുശ്രൂഷയുടെ പൈതൃകത്തെ വിശ്വസ്തതയോടെ തുടർന്നത് പോലെതന്നെ, ക്രിസ്തുവിന്റെ ശരീരത്തിന്റെ കെട്ടുപണിയ്ക്കായി ക്രിസ്തുവിന്റെ സമ്പത്ത് വിതരണം ചെയ്യുന്നതിലൂടെ അവരുടെ വിശ്വസ്ത മാതൃക പിൻപറ്റുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം. ലിവിംഗ് സ്ട്രീം മിനിസ്ട്രിയുടെ ഏക ലക്ഷ്യം എന്നത്: ക്രിസ്തുവിന്റെ ശരീരത്തിന്റെ കെട്ടുപണിയ്ക്കായി സകല വിശ്വാസികളും ദിവ്യജീവനിൽ വളരേണ്ടതിന് അവരുടെ പോഷണത്തിനായി ആത്മിക ആഹാരം പകരുകയാണ്.

*Living Stream Ministry (Publisher)*
*Main Office*
Anaheim, California
*Amana Literature (India Distributor)*
*Offices*
Gurugram, Chennai, Hyderabad, Kochi, Aizawl

*Available at:*

## ORDER YOUR COPY

TELUGU - Andhra Pradesh & Telangana: +91 8519872748
MALAYALAM - Kerala: +91 7598013273
MIZO - North East India: +91 9615385794
TAMIL - Tamilnadu: +91 7667273841

Gurugram Office: 0124 – 4272988 | WhatsApp: +91 8700448171
Email: books@amanaliterature.in | facebook: amanaliterature

Website: www.amanaliterature.in

| # | Malayalam Title |
|---|---|
| 1 | സേവനത്തെ സംബന്ധിച്ച അടിസ്ഥാന പാഠങ്ങൾ |
| 2 | സഭാജീവിതം ഇ ന്ന് കർത്താവിൻറെ പ്രത്യുദ്ധാരത്തിൽ |
| 3 | പുറത്തെ മനുഷ്യൻറെ തകർച്ചയും ആത്മാവിൻറെ വിടുതലും |
| 4 | ശരിയായ സഭാജീവിതത്തിനുള്ള സുപ്രധാന പ്രമാണങ്ങൾ |
| 5 | ക്രിസ്തുവിൻറെ ആസ്വാദനം |
| 6 | ക്രിസ്തു ആണ് എല്ലാ ആത്മീയ വിഷയങ്ങളും കാര്യങ്ങളും |
| 7 | അബ്രഹാമിൻറെയും യിസ്ഹാക്കിൻറെയും യാക്കോബിൻറെയും ദൈവം |
| 8 | കർത്താവിൻറെ പ്രത്യുദ്ധാരത്തിൽ ഊന്നിപറയുന്ന അഞ്ച് കാര്യങ്ങൾ |
| 9 | സഭയുടെ പ്രാർഥനാശുശ്രൂഷ |
| 10 | ദൈവത്തിൻറെ പുതിയ നിയമ വ്യവസ്ഥ |
| 11 | സഭയുടെ അടിത്തറയും സഭയുടെ യോഗങ്ങളും |
| 12 | സ്വർഗീയ ദർശനം |
| 13 | ഉൽപത്തിയുടെ ജീവപഠനം, വാല്യം ഒന്ന് |
| 14 | ജീവപാഠങ്ങൾ Vol 1 – Vol 4 |
| 15 | ജീവപഠനം – യോഹന്നാൻ Vol 1 – Vol 4 |
| 16 | നമ്മുടെ ദർശനം ക്രിസ്തുവും സഭയും |
| 17 | ഉത്തമഗീതം |
| 18 | ആത്മീയ മനുഷ്യൻ |
| 19 | ദൈവത്തിൻറെ പദ്ധതിയിൽ ഒരു യുവാവ് |

| # | Selected Witness Lee Books in English |
|---|---|
| 1 | Basic Revelation in the Holy Scripture, The |
| 2 | Blessed Human Life |
| 3 | Character |
| 4 | Christ versus Religion |
| 5 | Christian Life, The |
| 6 | Divine Economy, The |
| 7 | Economy of God, The |
| 8 | Experience of Life, The |
| 9 | Full Knowledge of the Word of God |
| 10 | Genuine Ground of Oneness, The |
| 11 | Glorious Vision and the Way of the Cross |
| 12 | God of Abraham, Isaac and Jacob, The |
| 13 | God's Need and God's Goal |
| 14 | God's New Testament Economy |
| 15 | God's Plan Concerning the Church |
| 16 | Gospel Outlines |
| 17 | Knowledge of Life, The |
| 18 | Lessons for New Believers |
| 19 | Lessons on Prayers |
| 20 | Life Messages, Vol. 1, 2 (Two Volumes) |
| 21 | Men Who Turn the Age |
| 22 | Our Vision -- Christ and the Church |
| 23 | Pure in Heart, The |
| 24 | Testimony of Jesus, The |
| 25 | Thorough View of the Body of Christ |
| 26 | Truth Messages |
| 27 | Vessels Useful to the Lord |
| 28 | Vision of the Age, The |
| 29 | Young Man in God's Plan, A |
| 30 | Life-study of the Holy Bible, 94 Volumes, Soft bound |
| # | Selected Watchman Nee Books in English |
| 1 | Assembly Life, The |
| 2 | Authority and Submission |
| 3 | Breaking of the Outer Man and Release of the Spirit, The |
| 4 | Character of the Lord's Worker, The |
| 5 | Christ is All Spiritual Matter and Things |
| 6 | Church Affairs |
| 7 | Concerning the Lord's Day Meeting |
| 8 | Fact, Faith, and Experience |
| 9 | Further Talks on the Church Life |
| 10 | Glorious Church, The |
| 11 | God of Abraham, Isaac and Jacob |
| 12 | God's Eternal Plan |
| 13 | God's Overcomer |
| 14 | Gospel of God Vol 1, 2 (Two Volumes) |
| 15 | Holy Spirit and Reality |
| 16 | How to Study the Bible |
| 17 | Messages for Building Up the New Believers Vol 1, 2, 3 (Three Volumes) |
| 18 | Messages Given During the Resumption of Watchman Nee's Ministry Vol 1 & 2 (Two Volumes) |
| 19 | Ministry of God's Word, The |
| 20 | Mystery of Christ, The |
| 21 | New Covenant, The |
| 22 | Normal Christian Church Life |
| 23 | Normal Christian Faith |
| 24 | Orthodoxy of the Church, The |
| 25 | Overcoming Life, The |
| 26 | Prayer Ministry of the Church, The |
| 27 | Questions on the Gospel |
| 28 | Raising Up the Next Generation for the Church Life |
| 29 | Scriptural Messages Book 1, 2, 3 & 4 |
| 30 | Song of Songs, The |
| 31 | Spiritual Man Vol 1, 2, 3 (Three Volumes) |
| 32 | Watchman Nee's Testimony |
| 33 | Watchman Nee: A Seer of the Divine Revelation in the Present Age |